

# CHURCH VOICE


C. S. I. MATEER MEMORIAL CHURCH

Vol. 14 No.1 Newsletter January 2016





"എന്റെ സാന്നിധ്യം നിന്നോടുകൂടെ പോരും"

(പുറപ്പാട് 33:14)

# വാർത്തകൾ

## അഭിനന്ദനങ്ങൾ



ഇന്റർനാഷണൽ മൾട്ടി ഡിസിപ്ലിനറി റിസർച്ച് ഫൗണ്ടേഷന്റെ 'എക്സലൻസ് അവാർഡ് – 2014' -ന് അർഹനായ ഡോ. ജി. സുരേഷ് സിംഗ്. കേരള യൂണിവേഴ്സിറ്റി മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റ് മേധാവിയാണ്. ഭാര്യ: ക്രിസ്റ്റൽ തെൽമിൻ. എസ്, കുടുംബനമ്പർ: 2075, പാണൻവിള, നാലാഞ്ചിറ.



യു.പി.എസ്.സി നടത്തിയ കമ്പൈയിൻഡ് മെഡിക്കൽ സർവ്വീസസ് പരീക്ഷ 2015 (ഗ്രൂപ്പ് 'എ' കേഡർ)-ൽ സെലക്ഷൻ ലഭിച്ച ഡോ. പ്രീതാ ജാക്സൺ. ഡോ. എസ്.എം.സി.എസ്.ഐ മെഡിക്കൽ കോളേജിൽ ഹൗസ് സർജനാണ്. പിതാവ്: സി. സന്തോഷ് കുമാർ, മാതാവ്: ഗീതാ കുമാരി, ഭർത്താവ്: ജാക്സൺ എം. കുടുംബനമ്പർ: 1223.





ഹോമിയോപ്പതിയിൽ എം.ഡി കരസ്ഥമാക്കിയ ഡോ. നിഷ്മ ജോൺസ്.
പിതാവ്: സൂജാ ജോൺസ്,
മാതാവ്: കുമുദിനി ജോൺസ്,
കുടുംബനമ്പർ: 863, നന്തൻകോട്.

സ്ത്രീജനസഖ്യം മഹായിടവക മത്സരത്തിൽ 'സി' ഗ്രേഡിൽ (55 വയസ്സിനു മുകളിൽ) ലളിതഗാനത്തിനും കഥാപ്രസംഗത്തിനും ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ശ്രീമതി. വിമലാ അലക്സ്.

### വാർഷിക സ്തോത്ര ആരാധന

നമ്മുടെ സഭ 177 വർഷം പൂർത്തിയാക്കിയതോടനുബന്ധിച്ച് ഡിസംബർ ആറാം തീയതി ഞായറാഴ്ച വാർഷിക സ്തോത്ര ആരാധനനടന്നു. റവ. കെ.ജി. വർഗ്ഗീസ് മുഖ്യാതിഥിയായിരുന്നു. നമ്മുടെ സഭയിലെ മുൻ ഡീക്കൻമാരെയും, വിരമിച്ച കപ്യാർമാരെയും, ഔദ്യോഗിക-സാമൂഹിക മേഖലകളിൽ നേട്ടം കൈവരിച്ചവരെയും, പ്രശസ്ത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും തദവസരത്തിൽ ആദരിച്ചു. സഭാസെക്രട്ടറി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ഇതോടനുബന്ധിച്ച് സ്നേഹവിരുന്നും ക്രമീകരിച്ചിരുന്നു.

### വാർഷിക ലേലം 2015

ഈ വർഷത്തെ ലേലവും കൗതുകവിൽപ്പനയും ഡിസംബർ 12, 13 തീയതികളിൽ നടന്നു. ശ്രീ.മാർട്ടിൻ തോമസ് (മാനേജിംഗ് ഡയറക്ടർ, ഫേവറിറ്റ് കൺസ്ട്രക്ഷൻസ്) ആദ്യ ലേലം സ്വീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. ഇതിലൂടെ 12 ലക്ഷം രൂപ സമാഹരിച്ചു.

### ക്രിസ്മസ് കരോൾ സർവ്വീസ്

നമ്മുടെ സഭയിലെ സി.ഇ.വൈ.എഫിന്റെ ആഭിമുഖ്യത്തിൽ വിവിധ ക്വയറുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഡിസംബർ 13-ന് ക്രിസ്മസ് കരോൾ സർവ്വീസ് സംഘടിപ്പിച്ചു. നമ്മുടെ സഭയിലെ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ഡിസംബർ 20-ാം തീയതി സംയുക്ത ക്രിസ്മസ് ആഘോഷം സംഘടിപ്പിച്ചു. തിരുവനന്തപുരം കോർപ്പറേഷൻ മേയർ അഡ്വ. പ്രശാന്ത് വി.കെ. മുഖ്യാതിഥിയായിരുന്നു.

# CHURCH VOICE

14th year of publication

**JANUARY 2016**



CHIEF EDITOR

Rev. T. Selvarajan

EDITOR

R. Sajan Samson

SUB-EDITOR

Manoj Kumar Ebenezer

EDITORIAL BOARD

Rev. C.R. Vincent
Rev. E. Sunin Spenzer
Dr. Christenson E. Sarasam
Adv. Sarjine Thomas

CIRCULATION MANAGER

Zaem Enock



ADDRESS:

The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to :

churchvoice@gmail.com
before 15th of every month



Church Voice can be read online at our website

www.mateermemorialchurch.com

PRINTED AT :

GRACE PRINTERS
Muttada Ph: 2540523


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. T. Selvarajan(President) | 2724658 | 9497017194 |
| Rev. C. R. Vincent (Presbyter) | 2316544 | 9446850066 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Dr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | 2115678 | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. M. Sam Moses | 2311754 | 9447011754 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | 2553247 | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Mr. T. Jayakumar Alfred | 2534781 | 9895110652 |
| Church Office | 2311347 | |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |



## New Year, the opportunity to renovate our Spiritual Lives

Greetings to you in the name of our Lord who renovates everything (Revelation 21)

We are at the threshold of a New Year. During this occasion we send greetings to our friends and relatives, make new decisions in our lives, begin or decide to begin new practices in our life and so on. But, as Christians, what we ought to do in the occasion of New Year is to renew our Christian lives or spiritual lives.

**What can we do to renovate our spiritual lives?**

a) To invite the Triune God into our lives.
b) To let our God to wipe away our tears.
c) To inherit the eternal life and water of life.

**(A) The invitation of the Triune God into our lives:**

As a flock of sheep go astray, we the flock of God have every chance to go astray from the path of God. Adam committed the first sin, and every human being imitated him over the ages. As the sin of man became intolerable, God sent his only son Jesus to this world so that His sacrifice can redeem man from his sins.

As we read the parable of a master punishing his servants for killing his son, we can understand and realize how sinful our lives are. Jesus, the son of God was crucified instead of us. Also we can see the wonderful picture of a Saviour who is the master of everything, knocking at the doors of our lives. Our Lord does not compel anything upon us.

He wants us to invite Him to our lives. As we invite the Lord to our lives, we became the beloved sons and daughters of the Lord, and our lives change and thus a renovation occurs in our lives.

**(B) Let our God to wipe away our tears**

Philippians 4:4 says "Rejoice in the Lord always". We have nothing else to rejoice in, since the happiest thing in our spiritual lives, is the redemption and salvation brought to us through our Lord Jesus Christ.

As mentioned earlier, Jesus stands in front of our heart and knocks. If we open our hearts and invite him cordially God will enter our hearts


and dwell in it. Then a total change comes in our lives. If the Lord dwells in our heart, our hearts will begin to rejoice in the Lord as mentioned in the book of Philippians. And when we rejoice, all our sorrows will vanish from our lives and our tears will be wiped away forever.

**(C) To inherit the eternal life and water of life**

One cannot enter the eternal kingdom of God without a personal contact with Him. The New Year is an apt occasion to initiate a personal relationship with God. But it is impossible to begin the relationship with God on the basis of a decision. The decision to have a personal contact with God through continuous and honest prayers can be initiated only with the help of Holy Spirit. First of all we have to pray for anointing with the Holy Spirit. This will help us to initiate the proper personal relationship with God.

Let us utilize this New Year to invite the Lord to our lives, and thereby attain happiness and entry to eternity. Amen.

**Rev. T. Selvarajan**
Presbyter-in-charge



## പ്രതിവാര ധ്യാനം

**ജനുവരി 2016**

**ജനുവരി 3,** ഒന്നാം ഞായർ
വിഷയം: **രക്ഷയ്ക്കുള്ള വെളിപ്പാട്**
പുറ.3:1-14, സങ്കീ.27, അ.പ്ര.16:6-10, യോഹ.12:20-32

**ജനുവരി 10**, രണ്ടാം ഞായർ
വിഷയം: **വിശുദ്ധരായിരിക്കുക**
ആവ.7:1-11, സങ്കീ.5, എഫെ.5:18-20, യോഹ.17:13-17

**ജനുവരി 17**, മൂന്നാം ഞായർ
വിഷയം: **ഒരു ശരീരവും ഒരു സ്നാനവും**
ആമോ.9:5-12, സങ്കീ.115, എഫെ.4:1-6, മത്താ.16:13-20

**ജനുവരി 24**, നാലാം ഞായർ
വിഷയം: **സ്നേഹത്തിൽ ഐക്യപ്പെടൽ**
ആവ.4:1-10, സങ്കീ.30, 1.കൊരി.1:10-18, യോഹ.5:11-17

**ജനുവരി 31**, അഞ്ചാം ഞായർ
വിഷയം: **സൃഷ്ടിയുടെ അഴിമതി**
യെശ.5:1-13, സങ്കീ.8, ഗലാ.1:5-10, ലൂക്കൊ.10:13-16

## SECRETARY'S REPORT



Dear friends in Christ,

Greetings and grace to you to enjoy the abundant happiness of a new year with IMMANUEL - the Lord and Saviour Jesus Christ!

Yet another year has gone behind the curtain of memory lane. 2016 with all its possibilities and challenges is here with us as a reality. As we look back and thank the Lord for all the blessings we have received and also for all the promises and possibilities in store, we also look forward with hope and confidence for a renewed relationship with Almighty God.

This is time to reflect and meditate to ascertain whether we have stranded somewhere in our spiritual pilgrimage or whether we are where God wants us to be. Let's not be stagnant, but become a channel of blessing in His mighty hands.

The Republic Day is a political phenomenon of our country. The socio-cultural barriers, economic disparities, political perversions, social victimization, religious resurgence, gender discrimination, child abuse, disaster of competing industrial development, sky creeping clouds of pollution and above all dehumanizing factors of corruption are the persisting dangers of our country. It is in this context that peaceful co-existence and harmony are to be restored. Let us fall into the strategy of God in building the Kingdom of God - may be bit by bit, day by day, step by step - each at a time.

The election of office-bearers for all sub-organisations of the Church had been completed and the elected persons have taken charge of the activities. Let us wish and hope that all of them will endeavour hard with zeal, zest and enthusiasm.

The following financial sanctions were made during the month:

**I. Marriage Aid**

1. Smt. B. Rema, CSI Snehapuri - Rs.3,000/-
2. Mr.Robert, CSI Chenkottukonam - Rs.3,000/-
3. Smt. Mariakutty, CSI Muttachal - Rs.3,000/-
4. Ms. Rekha, CSI Chittacode - Rs.5,000/-
5. Mrs.Sobhana,CSI Uzhamalakkal - Rs.3,000/-

**II. Medical Aid**

1.Mrs.Sasikala (w/o Mr. Ganesan)-Vattiyoorkavu -Rs.3,000/-
2.Smt. C. Lalitha (F.No.890) - Rs.2,000/-

3. Mr. V. Mohanan, Central Church CSI Neyyattinkara - Rs.5,000/
4. Smt. Lily Varghese (F.No.194) - Rs.1,800/-
5. Mr.C. Babu, CSI Arattukuzhi - Rs.5,000/-

**III. House Maintenance**

1. Mrs. Binu, Rajaji Nagar - Rs.5,000/-
2. Mrs. Beenamol, Srinagar, Peroorkada - Rs.2,000/-

Our Church is seeking requests from members for financial aid towards construction /maintenance of own house. If we come across any one among us in extremely poor living conditions, kindly inform the Church office with full details.

At the request of Rev. J. D. Solomon, his Transfer Certificate was issued to CSI Christ Church, Kollam.

Mr. Premchand Johnson rendered excellent and qualitative service to the MM Church as Choir Master till 31st of December, 2015 co-ordinating, training and leading all language sections of the Choir. The Church appreciates him for his valuable services. Sri. T. Jayakumar Alfred is appointed as Choir Master of MM Church for the next one year period. Do pray for him as he extends his time and talent for enriching the Choir.

The memo No.SKD-PRO.Bd/Sho.45/2015 dt.21/12/2015 issued by the Adv. S.P. Sreejith, Attorney CSI TA & Manager, Properties Board, SKD regarding (a) construction of vault and sexton's quarters, (2) rear compound wall of sexton's quarters (3) and information on direct control of properties in the possession and use of MM Church was received and discussed in detail in the Emergency Church committee held on 22/12/2015. (The memo received and the brochure published detailing the developments are given separately in this issue). We are taking all our efforts to get the controls revoked and restore all our privileges and rights.

The whole matter was briefed to the Church members through announcement in all the Church services on 27/12/2015.

A request on the above was placed before the revered Bishop, SK Diocese on 27/12/2015 with the following items:

1. The ban imposed on construction activities in the Cemetery campus and the Sexton's quarters compound may please be lifted and normal privileges available to Churches be extended to our Church.
2. The direct control by the Treasurer and Manager Properties Board, SKD over the properties under the possession and use of the MM Church may please be withdrawn and the former position restored to our Church.

3. The proposal of the Diocese for other construction activities on the Sexton's Quarters may please be withdrawn.

We are awaiting favourable orders from our Bishop.

**Obituary**

Dr. Sugunan K Dhas (Family No.367), Pattom was called to eternal rest on 24/12/2015 and was buried in our Cemetery on the same day. Along with Mrs. Susheela Sugunan and children, his life and ministry was an excellent testimony to the Lord. Do pray for the bereaved family members.

Yours in His Blessed fold,

**Dr. Christenson E. Sarasam**

Church Secretary

**ഗാനം**

# പുതുവർഷ പുലരിയിൽ പാടാം...




രചന, സംഗീതം: വിൻസ്റ്റൺ ഐ. പോൾ

പുതുവർഷ പുലരിയിൽ പാടാം
പരനേശു നാഥനെ വാഴ്ത്താം
സ്തുതികളിൻ മദ്ധ്യേ വസിക്കും
സ്തുത്യനാം മശിഹായെ വാഴ്ത്താം

സ്തോത്രം നാഥാ... സ്തോത്രം ദേവാ
സ്തോത്രം... സ്തോത്രം... യേശുനാഥാ

1. ഈ പുതുവർഷത്തിൻ നാളുകളിലെല്ലാം
ഈശാ നിൻ സാന്നിദ്ധ്യം നടത്തീടേണം – ഈ പുതു
കാലിനു ദീപമായി പാതയ്ക്കു ശോഭയായ്
കരുണാമയനെ നീ നയിച്ചീടേണം... – പുതുവർഷ

2. ക്ഷാമവും ദുരിതവും ഒന്നും വരാതെ
ക്ഷേമമായ് നാഥാ നീ പാലിക്കേണം – ക്ഷാമവും
ക്ഷോഭവും വ്യാധിയും ക്ഷീണവും ഏശാതെ
ശോണിയിൽ വാഴാൻ തുണച്ചീടേണം... – പുതുവർഷ

3. ഈ ലോക യാത്രയിൽ എന്നുമീ ഞങ്ങളെ
ഈശാ നിൻ കൃപകളാൽ നിറച്ചീടേണം – ഈ ലോക
പിമ്പിലുള്ളതെല്ലാം തള്ളിമുന്നോട്ടെന്നും
പതറാതെ ഗമിച്ചീടാൻ കൃപയേകണം – പുതുവർഷ

# പുതുവർഷ ചിന്തകൾ

റവ. ജെ.എച്ച്. പ്രമോദ്

നിരവധി ഓർമ്മകൾ സമ്മാനിച്ചുകൊണ്ട് 2015 വിടവാങ്ങുന്നു. ക്രിസ്തുമസ് നൽകുന്ന ഊഷ്മള വിചാരങ്ങൾ കൊണ്ട് 2016-നെ നാം വരവേൽക്കുന്നു. പിന്നിടുന്ന ഓരോ ദിനവും നമ്മുടെ ശവക്കുഴിയോടുള്ള അകലം കുറഞ്ഞുവരുന്നു എന്ന സത്യത്തെ ഓർമ്മിപ്പിക്കുന്നു. 2015 ഇനി ഓർമ്മകളിൽ മാത്രം. നമ്മുടെ ജീവിതത്തിലെ സുഖവും ദു:ഖവും, അതു നിമിത്തമുള്ള വിവിധ വിചാരവികാരങ്ങളും നമ്മിൽ ഏൽപ്പിച്ച അനുഭവങ്ങളും, നമുക്ക് നൽകിയ വർഷം. എല്ലാം മറന്ന് ഒരു പുതുവർഷത്തിലേക്കുള്ള പ്രവേശനം. വളരെ പ്രതീക്ഷകൾ നമുക്കുണ്ട്, പല പുതിയ തീരുമാനങ്ങളും. പോയ വർഷത്തിൽ മാറ്റിവെച്ചതോ, അപ്രസക്തമായി കണ്ടതോ ആയ പലതും പുതുവർഷത്തിൽ ചിട്ടയായി ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു. മുടക്കംവരാതെ ആരാധനകളിൽ പങ്കെടുക്കും, ദിവസവും ബൈബിൾ വായിക്കും, ഭവനപ്രാർത്ഥയും സ്വകാര്യ പ്രാർത്ഥനയും കൃത്യമാക്കും, ഇനിയുമുണ്ട്... ദിവസവും മുടങ്ങാതെ വ്യായാമം അല്ലെങ്കിൽ നടത്തം ശീലമാക്കും. വീട്ടിനുള്ളിൽ അനാവശ്യ സാധനങ്ങൾ വാരിക്കൂട്ടി സൂക്ഷിക്കില്ല, അടിക്കടി ബന്ധുവീടുകളിൽ സന്ദർശനം നടത്തും, കുടുംബമായി ഹ്രസ്വ യാത്രകൾ നടത്തും.... തീരുമാനങ്ങളുടെ പട്ടിക നീളുന്നു.

യഥാർത്ഥത്തിൽ പുതുവർഷം നമുക്ക് എന്താണ് നൽകുന്നത്? വർഷങ്ങളായി വലിയ യാത്രാവാഹനം ഓടിക്കുന്ന ഡ്രൈവർ തന്റെ നിരീക്ഷണത്തിൽ ഇപ്രകാരം പറഞ്ഞു: "ഓരോ ദിവസവും രാവിലെ വണ്ടിയെടുക്കുമ്പോൾ ഞാനൊരു പുതിയ ഡ്രൈവറാകുന്നു." കഴിഞ്ഞ ദിവസം വരെയുള്ള അനുഭവങ്ങളല്ല അടുത്ത ദിവസത്തിൽ ഉണ്ടാകുന്നത് എന്ന സന്ദേശമാണ് ഈ വാക്കുകളിൽ കാണുന്നത്. ഇതുതന്നെയാണ് മനുഷ്യജീവിതത്തിലും ഉള്ളത്. നമ്മുടെ ജീവിതത്തിലെ അനുഭവങ്ങളും വ്യത്യസ്തങ്ങളാണ്. നമ്മെ കാത്തിരിക്കുന്നതും നേരിടുവാൻ പോകുന്നതുമായ വിഷയങ്ങൾ പലതും നമുക്ക് സന്തോഷം മാത്രമല്ല ദു:ഖവും ഉണ്ടാക്കാൻ സാധ്യതയുള്ളതാണ്. ഓരോ വർഷവും പിന്നിടുമ്പോൾ അനുദിനം പരിഷ്കൃതമാകേണ്ടതിനുപകരം അപരിഷ്കൃതമാകുന്ന സംസ്ക്കാരവും ലോകവുമല്ലേ നമുക്ക് ചുറ്റിലും ഉള്ളത് എന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു. എങ്കിലും ഏറെ പ്രതീക്ഷകളാണ് നമുക്കുള്ളത്. പുതുവർഷത്തിലേക്ക് ഒന്നു കണ്ണോടിക്കാം, അവിടെ നമ്മെ കാത്തിരിക്കുന്ന കടമകളും വിശുദ്ധമായ ഒരു ജീവിതവും ഉണ്ട്.

**1. ഇന്നലെകളിൽ നിന്നും (പോയവർഷം) നാളത്തേക്കായി (പുതുവർഷം) വിഭവങ്ങൾ ശേഖരിക്കുക.**

ജീവിതത്തെ പ്രായോഗികമായി കാണേണ്ടത് ആവശ്യമായിരിക്കുന്നു.

ജീവിതത്തെ നിസ്സാരമായി കാണരുത്. മറിച്ചുള്ളവർക്ക് ജീവിതം 'എങ്ങനെയെങ്കിലും കഴിച്ചുകൂട്ടാനും', 'ഒരു ചാൺ വയറിനുവേണ്ടിയും' ഉള്ളതാണ്. അതിനായല്ല ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. വേല ചെയ്യാനും കാപ്പാനും (ഉൽപ്പ.2:15) എന്നതിലൂടെ നമ്മളെപ്പൊഴും പ്രവർത്തനസജ്ജരും, കർമ്മശേഷി നിറഞ്ഞവരും, ഉത്തരവാദിത്വമുള്ളവും ആയിരിക്കണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ഇവിടെ ഓർക്കുക: 'ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയാണ് ദൈവം നമുക്ക് നൽകിയിരുന്നത്' (1.തിമൊ.1:7). **നമ്മെ വിട്ടുപോകുന്ന ഓരോ വർഷവും ദൈവം യഥേഷ്ടം നൽകുന്ന അനുഗ്രഹങ്ങളാൽ നിറഞ്ഞതുതന്നെയാണ്. നമ്മൾ അതുതിരിച്ചറിയുന്നില്ലെന്ന് മാത്രം. അവയെ തിരിച്ചറിയാവുന്നതാണ് പുതുവർഷ ജീവിതത്തിന് ശക്തി പകരുന്ന ഒരു പ്രധാന ഘടകം.** പോയ നാളിലെ വീഴ്ചകളിലും നഷ്ടങ്ങളിലും പതറിപ്പോകാതെ ജീവിതത്തെ പുതുവർഷത്തിൽ ഉറപ്പോടും നിശ്ചയത്തോടും മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുക. അതിനുള്ള ശക്തിക്കും സഹായത്തിനുമായി കർത്താവിങ്കലേക്ക് ചായുക.

2. **ഞാൻ ഇനിയും നിൽക്കേണ്ടത് ദൈവപദ്ധതിയുടെ ഭാഗമാണെന്നും അതിനുള്ള അവസരമാണ് പുതുവർഷമെന്ന് തിരിച്ചറിവ് ഉണ്ടാക്കുക**

ദൈവത്തിന് നമ്മെക്കൊണ്ട് ഓരോ ഉദ്ദേശ്യങ്ങൾ ഉണ്ടാകും. താലന്തുകളുടെ ഉപമ പ്രകാരം (മത്താ.25:14-30, ലൂക്കൊ.19:11-27) ചിന്തിച്ചാൽ നമ്മിലെ പ്രാപ്തിക്കനുസരിച്ച് ദൈവം ഓരോ ചുമതലകൾ നമ്മിൽ ഏൽപ്പിച്ചിരിക്കുന്നു. ദൈവം ഏതുവിധത്തിൽ പ്രയോജനപ്പെടുത്തും എന്നുനമുക്ക് നിശ്ചയമില്ല. ആട്ടിടയനായി മലഞ്ചെരിവിൽ നടന്ന തടിച്ച നാവുള്ള (പുറ.4:10) വാക്സാമർത്ഥ്യമില്ലാത്ത മോശ താനൊരു മഹാപ്രസ്ഥാനത്തിന് നേതൃത്വം നൽകേണ്ടിവരും എന്ന് കരുതിയതേയല്ല. പക്ഷേ ദൈവം അതിനായി ഒരുക്കി ഉപയോഗിച്ചു. യിരെമ്യാവും താൻ സംസാരിപ്പാൻ അറിഞ്ഞുകൂടാത്തവൻ (യിരെ.1:6)എന്നാണ് ദൈവവിളിയോട് പ്രതികരിച്ചത്. പക്ഷേ വലിയൊരു പ്രവാചകനാക്കി മാറ്റി ഉപയോഗിച്ചു. ദൈവം തന്റെ കൃപാസന്ദേശം ലോകത്തിലെത്തിക്കുവാൻ എളിയ ജീവിതങ്ങളെ ഇതുപോലെ പ്രയോജനപ്പെടുത്തി എങ്കിൽ നമ്മെയും ഒരു പുതുവർഷത്തിലേക്ക് കൊണ്ടുവന്നിരിക്കുന്നത് തന്റെ ലക്ഷ്യം നിറവേറ്റാനായിരിക്കും. നാം അതിനായി വിധേയപ്പെടാൻ തയ്യാറാവുക.

ജീവിതത്തിലെ ധാരാളം പ്രശ്നങ്ങൾ നിമിത്തം സഹികെട്ട ഒരു യുവതി ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചു. വീട്ടിലാരുമില്ലാത്ത നേരത്ത് വാതിലും ജനലുകളും അടച്ച് കയർ കുരുക്കിട്ടു. പെട്ടെന്ന് ചില ചിന്തകൾ മനസ്സിൽ വന്നു. എന്റെ ഈ പ്രവൃത്തി നൽകുന്ന സന്ദേശം എന്താണ്? സണ്ടേസ്കൂളിൽ പഠിച്ചവയെല്ലാം ഒരുനിമിഷം മിന്നിമറഞ്ഞു. എത്രയോ ക്ലേശങ്ങൾ ഇതുവരെ നേരിട്ടു. അവിടെയെല്ലാം ദൈവം നടത്തിയ മുഖാന്തിരങ്ങളെ ഓർത്തു. രക്ഷിക്കുന്ന കർത്താവിനെ ഓർത്തു. അവൾ ആ ശ്രമം ഉപേക്ഷിച്ചു. താൻ പഠിച്ച വചനത്തിന്റെ ശ്രേഷ്ഠത അവൾക്ക് പുതുധൈര്യം നൽകി. മികച്ച ഉദ്യോഗസ്ഥയായും സണ്ടേസ്കൂൾ അധ്യാപികയായും പിന്നീട് അവൾ ശോഭിച്ചു.

3. **അണയാത്ത ദീപങ്ങൾ കൊളുത്തിവെയ്ക്കാൻ ലഭിക്കുന്ന സാധ്യതക ളായി പുതുവർഷത്തെ സമീപിക്കാം**

ചില ദീപങ്ങൾ എളുപ്പം കെട്ടുപോകും. കാരണം കാറ്റിന്റെ ശക്തിക്കുമുന്നിൽ പിടിച്ചുനിൽക്കാനാകാത്തത് തന്നെ. പാറമേൽ വീട് പണിയാതെ മണലിന്മേൽ വീട് പണിത അവസ്ഥയും ഇതിൽ നിന്ന് അകലെയല്ല. ഇന്ന് കുടുംബം, സഭ, സമൂഹം എന്നിവിടങ്ങളിൽ രൂപപ്പെടുന്ന ആശയങ്ങളും പ്രവർത്തികളും ദൈവ വചനം എന്ന ശാശ്വത സത്യത്തിന്റെ അടിസ്ഥാനത്തിലല്ല പിറവിയെടുക്കുന്ന ത്. സകല കുഴപ്പങ്ങൾക്കും കാരണവും ഇതുതന്നെ. 'ഏതിൽ നിന്ന് വീണിരി ക്കുന്നു' (വെളി.2:5) എന്ന ചിന്തയും നഷ്ടപ്പെട്ടതിനാൽ വചനത്തിന്റെ മൂർത്തിമ ഭാവമായ സ്നേഹത്തിന് പ്രവർത്തിക്കാൻ ഇടംകിട്ടാതെയായിരിക്കുന്നു. സ്നേഹ ത്താൽ സൃഷ്ടിക്കപ്പെടുന്ന പ്രവർത്തികളാണ് അണയാത്ത ദീപങ്ങളായി ലോകം എന്നും ഓർക്കുന്നത്. ഫളോറൻസ് നൈറ്റിംഗേൽ, മദർ തെരേസ തുടങ്ങിയ പേരുകൾ ഓർക്കുന്നത് അങ്ങനെയല്ലേ? നമുക്കും എന്തുകൊണ്ട് സ്നേഹ ത്തിന്റെ പ്രതീകങ്ങളായി വളരാൻ പുതുവർഷത്തിൽ ശ്രമിച്ചുകൂടാ? പ്രശ്നപ രിഹാരത്തിന് കോടതികളിലേക്കും ആയുധപ്പുരകളിലേക്കും ഓടുന്നതിനുപകരം എന്തുകൊണ്ട് സ്നേഹിക്കാം, ഒരുമിക്കാം എന്ന് പറയുന്നില്ല. നമുക്ക് വേണ്ടത് ക്രിസ്തുവിന്റെ ആ മാതൃക മാത്രം തന്നെ – അതാണ് അണയാത്ത ദീപം.

ഗാനം

# പാടി ദൂതർ

പരിഭാഷ: ജെ. ജോഷ്‌രാജ്

(എം.എം.ചർച്ച് ഇംഗ്ലീഷ് ഹിമ്നൽ
ഗാനം നമ്പർ: 305-ന്റെ പരിഭാഷ)

1. പാടി ദൂതർ ദിവ്യ ജന്മവാർത്ത
പാടങ്ങളിൽ സാധു ഇ-
ടയന്മാരോടു..
വയലില ജഗണത്തെ പാ-
ലിച്ചോർ
വളരും ശിശിരകുളിര
തിൽ

ഈശോ ജാതനായ് ഈശോ ജാതനായ്
ഇസ്രായേലിൻ മഹാരാജൻ

2. മേൽദർശിച്ചവർ താരകം
മാശോഭയിൽ പൂർവ്വദിക്കിൽ;
പ്രദാപൂരം ഭൂവിനേകി,
പകലും രാവും എന്നേരവും

3. ആ താരക ശോഭയതാൽ
അന്നെത്തി ദുരരാജർ മൂവർ
മന്നനേകനെ കാണ്മാനായ്,
മാശോഭയെ പിൻചെന്നവർ

4. പശ്ചിമോത്തര ദിശയിൽ
പോയി താരം നിന്നു ബേതലേ,
നിശ്ചലമായ് നിലകൊണ്ടു
നസ്രായൻ തൻ ഈറ്റില്ലത്തിന്മേൽ

5. മൂന്നരചർ ഗോശാലയതിൽ,
മുട്ടിന്മേൽ നിന്നു താഴ്മയായ്,
മശിഹാ സവിധത്തിലർപ്പിച്ചു
മൂർ പൊന്നു കുന്തുരുക്കവും

6. നാമേവരും ചേർന്നേകരായ്
നമ്മുടെ കർത്തനു പാടിടാം,
മണ്ണും വിണ്ണും ചമച്ചവനായ്
മർത്യരെതൻ ചോരയാൽ വീണ്ടവൻ.

പുതുവർഷ ചിന്ത

# എന്റെ ദൗത്യം

**ഡോ. വില്യം ജോൺ**

(മലയിൻകീഴ്)

ചരിത്രം മനസ്സിലാക്കാത്തവർ മൂഢന്മാർ ആണ് എന്ന് എവിടെയോ വായിച്ചത് ഓർമ്മ വരുന്നു. ലോകത്തിന്റെ ചരിത്രവും മറ്റുള്ളവരുടെ ചരിത്രവും ഒന്നും അറിഞ്ഞില്ലെങ്കിൽ പോലും സ്വന്തം കുടുംബത്തിന്റെയും ജീവിതത്തിന്റെയും പിന്നാമ്പുറങ്ങളിലേക്ക് ഒന്നു തിരിഞ്ഞുനോക്കണം. രണ്ടുമൂന്നു തലമുറകൾക്ക് മുമ്പ് നമ്മുടെ പൂർവ്വപിതാക്കന്മാരുടെ സ്ഥിതി എന്തായിരുന്നു എന്ന് വല്ലപ്പോഴും ഓർക്കുന്നത് നന്നായിരിക്കും. വിദ്യാലയങ്ങളുടെ മുറ്റത്തുപോലും കാൽ ചവിട്ടുവാൻ അനുവാദമില്ലാതെ സവർണ്ണരായ ആൾക്കാരുടെ ഊഴിയവേല ചെയ്തു അവരുടെ ആട്ടും തുപ്പും തൊഴിയും ഒക്കെവാങ്ങി, ഓല കൊണ്ടു കുത്തിമറച്ച ചെറ്റമാടങ്ങളിൽ ശരിയായി വസ്ത്രം പോലും ധരിക്കുവാൻ അനുവാദമില്ലാതെ കഴിഞ്ഞിരുന്ന ഒരു ജനതയെ ഇന്ന് കാണുന്ന നിലയിൽ സമ്പന്നരാക്കി ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉയർത്തി ലോകത്തിന്റെ നെറുകയിൽ എത്തിച്ചതിന്റെ പിന്നിൽ മിഷണറിമാരുടെ ത്യാഗവും അവർ നൽകിയ സുവിശേഷവും ആയിരുന്നു എന്നത് ഇന്ന് പലരും മറന്നുപോകുന്നു.

വായിൽ വെള്ളക്കരണ്ടിയുമായി പിറന്ന ഇന്നത്തെ തലമുറക്ക് – അവരുടെ 'ഹാഷ് – ബുഷ്' സംസ്ക്കാരത്തിനിടയിൽ 'സുവിശേഷം' എന്നും 'സുവിശേഷീകരണം' എന്നും ഒക്കെ കേൾക്കുമ്പോൾ പുച്ഛം തോന്നുന്നു എങ്കിൽ അതവരുടെ കുറ്റമല്ല. പഴയ കാലത്തെ വേദനിപ്പിക്കുന്ന ചരിത്രം – എങ്ങനെയാണ് നമ്മൾ ഇന്നത്തെ നിലയിൽ എത്തിയത് എന്ന ചരിത്രം – അവരെ പഠിപ്പിക്കുവാൻ ശ്രമിക്കാത്ത മാതാപിതാക്കളാണ് കാരണക്കാർ. ഇന്നലെ 'എന്ത് തിന്നും എന്ത് കുടിക്കും എന്ത് ഉടുക്കും' എന്ന ചിന്താഭാരമായിരുന്നു എങ്കിൽ ഇന്ന് 'ഏത് തിന്നണം, ഏത് ഉടുക്കണം, എവിടെ കിടന്ന് ഉറങ്ങണം' എന്ന് സംശയിക്കുന്ന നിലവാരത്തിൽ എത്തിച്ചേർക്കിരിക്കുന്നു.

കടന്നുവന്ന വഴികൾ, ചവിട്ടിക്കയറിയ പടികൾ നമ്മൾ മറന്നുപോകരുത്. നാശകരമായ കുഴിയിലും കുഴഞ്ഞ ചേറ്റിലും കിടന്ന് അയ്യംവിളിച്ചപ്പോൾ നമ്മെ രക്ഷിച്ച് ക്രിസ്തുവാകുന്ന പാറമേൽ ഉറപ്പിച്ച് നിർത്തുവാൻ അനേകം മിഷണറിമാർ തങ്ങളുടെ കരം നീട്ടി നമ്മെ പിടിച്ചുയർത്തി. പാപത്തിന്റെ അന്ധകാരത്തിൽ നിന്ന് നിത്യസ്നേഹത്തിന്റെ വെളിച്ചത്തിലേക്ക് നമ്മെ കൊണ്ടുവന്നു. അതിനാൽ ഇന്ന് യേശുവിനെ കണ്ടുമുട്ടിയിട്ടുള്ള – യേശുവിന്റെ കരത്തിൽ നിന്ന് അനുഗ്രഹങ്ങൾ പ്രാപിച്ചിട്ടുള്ള ഓരോ വിശ്വാസിയുടെയും കടമയാണ് **ഇന്നും യേശുവിനെ സ്വീകരിക്കാതെ നിത്യമായ മരണത്തിലേക്ക് പോകുന്നവരുടെ നേരെ കരങ്ങൾ നീട്ടുക** എന്നത്. അതുകൊണ്ടാണ് പൗലോസ് പറയുന്നത്: 'സുവിശേഷം അറിയിക്കാനുള്ള നിർബന്ധം തന്റെ മേൽ ഉണ്ട്' (1.കൊരി.9:16) എന്ന് തിരിച്ചറിയുവാൻ കഴിഞ്ഞാൽ ജീവിതം സുഗമമായിത്തീരും. അല്ലെങ്കിൽ നമ്മുടെ കടമ മറക്കുന്നവരായി മാറും – **യേശുവിനെ സ്വീകരിക്കാത്തവരോട് യേശുവിനെ അറിയിക്കുക എന്നത്**

**നമ്മുടെ ജീവിതശൈലി** ആയിരിക്കണം. അത് വാക്കുകളിലൂടെയും ദൈനം ദിന ജീവിതത്തിലൂടെയും ഘോഷിക്കപ്പെടണം.

നമ്മുടെ ജീവിതത്തിലൂടെ യേശുക്രിസ്തുവിനെ വായിക്കുവാൻ മറ്റുള്ള വർക്ക് കഴിയുന്നില്ലെങ്കിൽ നമ്മൾ കപടശിഷ്യന്മാർ മാത്രമാണ്. യേശു ജീവിച്ചതുപോലെ ലളിതമായ ജീവിതരീതിയും ആർദ്രതയും മനസ്സലിവുമുള്ള പെരുമാറ്റവും, എല്ലാം ക്ഷമിക്കുവാനും എല്ലാവരെയും സ്നേഹിക്കുവാനുമുള്ള മനസ്സും, ദൈവം ദാനമായി നൽകിയിട്ടുള്ള സമ്പത്തിനെ വേദനിക്കുന്നവർക്കും ആവശ്യത്തിലിരിക്കുന്നവർക്കുമായി പങ്കുവെയ്ക്കാനുള്ള ഒരുക്കവും ഉണ്ടാകുമ്പോഴാണ് ഒരു വ്യക്തി ഒരു യഥാർത്ഥ ക്രിസ്ത്യാനിയായി മാറുന്നത്. ഇങ്ങനെ ജീവിക്കുവാനുള്ള ഒരുത്തരവാദിത്വം നമുക്കുണ്ട്. മറുഭാഗത്ത് നമ്മൾ സുവിശേഷം കേട്ട് യേശുവിനെ അറിഞ്ഞ രക്ഷയുടെ സന്തോഷം അനുഭവിക്കുമ്പോൾ അത് ഇനിയും ലഭിച്ചിട്ടില്ലാത്തവരെ അറിയിക്കുന്നില്ലെങ്കിൽ അത് പാപമാണ് എന്ന് ലേവ്യ 5:1-ൽ വളരെ വ്യക്തമായി പഠിപ്പിക്കുന്നു. പാവപ്പെട്ട ജനത്തെ രക്ഷിക്കുവാൻ വേണ്ടി നമ്മൾ വായ് തുറക്കാതിരുന്നാൽ അടുത്ത തലമുറകൾ ശാപഗ്രസ്തരായിത്തീരും എന്ന് മോർദ്ദെഖായി എസ്തറിനോട് ഉപദേശിക്കുന്നത് ശ്രദ്ധിക്കണം (എസ്ത.4:14). മരണത്തിലേക്ക് നീങ്ങുന്നവരെ വിടുവിക്കുവാനും രക്ഷിക്കുവാനും യേശു നമ്മോട് ആവശ്യപ്പെടുമ്പോൾ അറിഞ്ഞിട്ടില്ല, കേട്ടിട്ടില്ല എന്നൊക്കെയുള്ള മുടന്തൻ ന്യായം പറഞ്ഞാൽ വിലപ്പോകില്ല എന്ന് ശലോമോൻ (സദൃ.24:11,12) പഠിപ്പിക്കുന്നു.

യേശുവിനെ കണ്ട ജനം ആവശ്യക്കാരായ ജനത്തിന്റെ അടുക്കലേക്ക് ഓടിയതുപോലെ (മർക്കൊ.6:53,54) യേശുവിനെ മനസ്സിലാക്കിയ ശമരിയാക്കാരി തന്റെ ജനത്തിന്റെ അടുക്കലേക്ക് ഓടിയതുപോലെ (യോഹ.4:28) യേശുവിനെ അറിഞ്ഞ വ്യക്തി ആവശ്യക്കാരുടെ അടുക്കലേക്ക് പോകണം. അവരെ യേശുവിന്റെ അടുക്കൽ കൊണ്ടുവരണം. അഥവാ പോകുവാൻ കഴിഞ്ഞില്ലെങ്കിൽ ഓരോരുത്തരും മറ്റുള്ളവരെ അയയ്ക്കണം (മത്താ.14:34,35). പുറത്തുള്ളവരെ അയയ്ക്കുവാൻ തുനിയുന്നതിനുമുമ്പ് സ്വന്തം മക്കളെ സുവിശേഷ വേലയ്ക്കായി ഒരുക്കി അയയ്ക്കണം. സ്വന്തം മക്കളെ അയയ്ക്കാതെ മറ്റുള്ളവർ മാത്രം പോകുവാൻ പറയുന്നവർ ദൈവത്തിന്റെ മുമ്പിൽ കാപട്യം കാണിക്കുകയാണ്.

ദൈവം നൽകിയിട്ടുള്ള സമ്പത്ത് യേശുവിനെ അറിയാത്ത സ്ഥലത്ത് ആത്മാർത്ഥമായി വേലചെയ്യുന്നവർക്ക് നൽകുക. 'സർവ്വവും യേശുനാഥനായി സമർപ്പണം ചെയ്യുന്നു' എന്ന് പാടുന്നവരോട് എത്ര കൊടുക്കണം എന്ന് പറയുന്നതിൽ അർത്ഥമില്ല. പളുകൽ ഡിസ്ട്രിക്ടിലെ മലയടി പള്ളിയിൽ നട്ടെല്ലിന് ക്ഷതമേറ്റ് കഴിഞ്ഞ 20 വർഷത്തിലധികമായി കിടക്കുന്ന അഴകപ്പൻ എന്ന പിതാവിനെ ചില മാസങ്ങൾക്ക് മുമ്പ് സഹായിക്കുവാൻ ഞങ്ങൾ പോയി. അപ്പോൾ അദ്ദേഹം ഭാരത സുവിശേഷീകരണത്തിനായി 700 രൂപ നൽകിയത് സ്വീകരിച്ചപ്പോൾ കരഞ്ഞുപോയി. മറ്റുള്ളവർ നൽകുന്ന ചികിത്സാസഹായത്തിന്റെ ഒരു ഭാഗം മാറ്റിവെച്ച് സ്വരൂപിച്ചതാണ് ഈ തുക.

സുവിശേഷ വേലയ്ക്കായി - ഭാരത സുവിശേഷീകരണത്തിനായി പ്രാർത്ഥിക്കാത്ത ഒരു ദിവസം പോലും ഈ പുതുവർഷത്തിൽ ഉണ്ടാകരുത്. എല്ലാ മിഷണറിമാർക്കായും മിഷണറി സംഘടനകൾക്കായും പ്രാർത്ഥിക്കണം.

യേശുവിൽ വിശ്വസിക്കുന്നവർ പീഡനങ്ങളിൽ തളർന്നുപോകാതിരിക്കാൻ പ്രാർത്ഥിക്കണം. ഇനിയും സുവിശേഷം കേൾക്കാത്തവർക്കായി പ്രാർത്ഥിക്കുക. അതോടൊപ്പം സുവിശേഷ വിരോധികളെയും പ്രാർത്ഥനയിൽ വഹിക്കുക. എല്ലാ സുവിശേഷ വിരോധികളും മാനസാന്തരപ്പെടണം. ക്രിസ്തുവിരോധിയായിരുന്ന ശൗലിനെ മാനസാന്തരപ്പെടുത്തിയ കർത്താവിന് അസാധ്യമായിട്ടൊന്നുമില്ല. റവ. ഗ്രഹാം സ്റ്റെയിൻസിനെയും, രണ്ട് പിഞ്ചു കുഞ്ഞുങ്ങളെയും ചുട്ടുകൊന്ന ധാരാസിംഗ് എന്ന മതതീവ്രവാദി അനേകം ദൈവമക്കളുടെ പ്രാർത്ഥനയാൽ മാനസാന്തരപ്പെട്ടു. ഓർക്കുക, 'ദൈവത്തിന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന ദൈവജനം തങ്ങളെത്തന്നെ താഴ്ത്തുകയും ദുർമാർഗ്ഗങ്ങളെ ഉപേക്ഷിക്കുകയും ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ ദേശത്തിന് സൗഖ്യം ലഭിക്കും' എന്നത് ദൈവത്തിന്റെ വാഗ്ദാനമാണ് (2.ദിന.7:14). അതിനാൽ ദേശത്തിനായി കരയുവാൻ മറക്കരുത്. ഒരു നിമിഷം! സ്വയം വിലയിരുത്തുക!

1. ഞാൻ യേശുവിന്റെ സാക്ഷിയായി ജീവിക്കുന്ന വ്യക്തിയാണോ?
2. എന്റെ ആഢംബരങ്ങൾക്കും അനാവശ്യങ്ങൾക്കും വേണ്ടി ചിലവഴിക്കുന്നതെങ്കിലും ഞാൻ സുവിശേഷവേലയ്ക്കായി നൽകുന്നുണ്ടോ?
3. ഭാരത സുവിശേഷീകരണത്തിനായി പ്രാർത്ഥിക്കുന്നതിനാണോ, അതോ കോമഡി ഷോകൾക്കും സീരിയലുകൾക്കുമാണോ നമ്മൾ സമയം ചിലവഴിക്കുന്നത്?

സുവിശേഷീകരണം അറിയിക്കുന്നതിൽ ലജ്ജിക്കാത്ത സാക്ഷികളായി നിൽക്കുവാൻ നമ്മുടെ രക്ഷകനായ യേശു നമ്മെ സഹായിക്കട്ടെ!

## EVENTS upto 24-12-2015

### Crossed Jordan to be with the Lord

| Sl.No | Family No | Member | |
|---|---|---|---|
| 1 | 1003 | **Mrs.Teresa T**<br>Ajith Vihar,<br>JWRA 39,TC 16/1616,<br>Jagathy,TVM 14<br>**Died on:- 06-12-2015** |  |
| 2 | 367 | **Dr.Sugunan K Das**<br>Rekha,<br>RLNRA 40,<br>Pattom,TVM 4<br>**Died on:- 24-12-2015** |  |

### Baptism

| Sl No | Family No | Name | Date of Baptism |
|---|---|---|---|
| 1 | 2082 | Ms.Hannah G Kiran | 06-12-2015 |
| 2 | 2083 | Mr.Rohan S Abey | 13-12-2015 |

# നവവത്സരത്തിൽ നമുക്ക് കൂടുതൽ ക്രിയേറ്റീവ് ആയിരിക്കാം

**ഡോ. ശാന്താ യേശുദാസ്**
ശാന്തിദൂത് ഹോസ്പിറ്റൽ, പാൽക്കുന്ന്

ക്രിസ്തുമസ് ആഘോഷങ്ങൾ അവസാനിച്ചു കഴിയുമ്പോൾ 2015 എന്ന വർഷത്തോട് വിടപറയുന്നതിന് നാം തയ്യാറാവുകയാണ്; അതായത് 21-ാം നൂറ്റാണ്ട് എന്ന പടുകൂറ്റൻ വൃക്ഷത്തിന്റെ 2015 എന്ന ഇല കൊഴിഞ്ഞുവീഴുമ്പോൾ 2016 എന്ന തളിരില വിടരാൻ വെമ്പൽകൊണ്ട് നിൽക്കുന്നു. വീണുപോയ ഇലയ്ക്ക് ജീവനില്ലാത്തതിനാൽ തളിരില അതിനെ തിരിഞ്ഞുപോലും നോക്കാതെ സൂര്യനിൽ നിന്ന് ജീവനും ചൈതന്യവും ഉൾക്കൊണ്ട് മുകളിലേക്ക് വളരുകയാണ്. അതുപോലെ നമുക്കും നമ്മോട് വിടപറഞ്ഞ 2015 എന്ന വർഷത്തിൽ നാം അനുഭവിക്കേണ്ടിവന്ന രോഗങ്ങൾ, കലാപങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ, അപകടങ്ങൾ, പരാജയങ്ങൾ എന്നിവയെപ്പറ്റിയുള്ള കയ്പേറിയ ഒരായിരം ഓർമ്മകൾ മനസ്സിൽ നിറഞ്ഞുനിൽക്കുകയാണെങ്കിലും ഇവയുടെ ശൂന്യ അവശിഷ്ടങ്ങളിലേക്ക് നോക്കാതെ ഇന്നലെകൾ നമുക്ക് സമ്മാനിച്ച അനുഭവപാഠങ്ങളായ ചവിട്ടുപടികളിൽ കയറിനിന്നു കൊണ്ട് നമ്മുടെ ആയുസ്സിന്റെ പുസ്തകത്തിൽ ഒരു വർഷംകൂടി എഴുതിച്ചേർത്ത് ദൈവത്തിന്റെ അതിരുകളില്ലാത്ത കാരുണ്യത്തിന് നന്ദി പറഞ്ഞുകൊണ്ട് ശുഭപ്രതീക്ഷകളോടെ നവവത്സരത്തെ സ്വാഗതം ചെയ്യാം.

**പുതിയ വർഷത്തിൽ പുതിയ പ്രതിജ്ഞകളോടെ കൂടുതൽ ക്രിയേറ്റീവ് ആയിരിക്കുക**

പുതിയ തീരുമാനങ്ങളുടെ വെളിച്ചം മനസ്സിൽ നിറച്ചുമുന്നേറാൻ പുതുവത്സരം പോലെ ഉചിതമായ മറ്റൊരവസരമില്ല. **ക്രിയേറ്റീവ്** എന്ന വാക്കിന്റെ അർത്ഥം ജീവിതത്തിൽ കൂടുതൽ സന്തോഷവും സംതൃപ്തിയും ലഭിക്കുന്ന മാർഗ്ഗങ്ങളിലൂടെ മുന്നേറുക എന്നതാണ്. ക്രിയേറ്റിവിറ്റി ഏറ്റവുമധികം നാം കാണുന്നത് കൊച്ചുകുട്ടികളിലാണ്. ഉദാഹരണമായി അവരുടെ കൈയ്യിൽ ക്രയോൺസ്, ചായപ്പെൻസിൽ ഏതെങ്കിലും കിട്ടിയാൽ ഉടൻ അവർ തങ്ങളുടെ ഭാവനയിൽ വിരിയുന്ന ചിത്രങ്ങളെ ചുവരിലോ, കൈയ്യിൽ കിട്ടിയ കടലാസുകളിലോ വരയ്ക്കുന്നു. അതുപോലെ മുതിർന്നവരായ നാം ഈ വർഷത്തിൽ കൂടുതൽ ക്രിയേറ്റിവിറ്റി നമ്മുടെ ജീവിതത്തിലേക്ക് കൊണ്ടുവന്നാൽ ജീവിതത്തിന്റെ വിരസതകൾ മാറി ജീവിതപാതയിൽ പുതുമയും ഊർജ്ജവും കൈവരിക്കാം, വിദ്യാർത്ഥികൾക്ക് തങ്ങളുടെ പഠനരംഗങ്ങളിൽ ഉന്നതവിജയം കൈവരിക്കാം, മുതിർന്നവർക്ക് തങ്ങളുടെ കുടുംബജീവിതത്തിലും, ഗൃഹഭരണത്തിലും, ഔദ്യോഗിക രംഗങ്ങളിലും വിസ്മയം നിറഞ്ഞ പാതകളിലൂടെ സഞ്ചരിച്ച് ലക്ഷ്യസ്ഥാനങ്ങളിൽ എത്തിച്ചേരാം ഈ രീതിയിൽ ക്രിയേറ്റീവ് ആകുന്ന അവസ്ഥ നേടിയെടുക്കുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

1. **നമ്മുടെ കഴിവുകളെ തിരിച്ചറിയുക:** ഓരോ വ്യക്തിയും വ്യത്യസ്തമായ കഴിവുകളുടെയും ചിന്തകളുടെയും ഉടമകളാണ്. സ്വന്തം കഴിവുകളെ തിരിച്ചറിയുന്നതിന് കഴിഞ്ഞാൽ ആ കഴിവുകളിലൂടെ നേടിയെടുക്കാവുന്ന ആരോഗ്യകര

മായ ആത്മവിശ്വാസം ജീവിതത്തിന്റെ ഏതു ദുർഘട വഴിയിലും ദീപനാളങ്ങൾ തെളിയിച്ച് മുന്നേറുന്നതിന് സഹായിക്കും. ഇപ്രകാരം ലഭിക്കുന്ന ശുഭാപ്തി വിശ്വാസത്തിലൂടെ മുന്നേറുക; കൃത്യനിഷ്ഠ ശീലമാക്കുക. ഈ രീതിയിൽ മുന്നേറുന്ന വ്യക്തികൾക്ക് ജീവിതപാതയിൽ ഏതുപ്രതിസന്ധിയുണ്ടായാലും പകച്ച് നിൽക്കാതെ അവയെ ധൈര്യത്തോടുകൂടി നേരിടുന്നതിനുള്ള കരുത്ത് ലഭിക്കും.

2. **ഭാഗ്യം മാത്രമാണോ ജീവിതവിജയത്തിന്റെ രഹസ്യം?** ജീവിതയാത്രയിൽ ചെറിയ കുട്ടികൾ മുതൽ മുതിർന്ന പൗരന്മാർവരെ ഓരോ വ്യക്തികൾക്കും കുടുംബത്തിനുള്ളിലും പുറത്തും ഒന്നിലധികം വൈവിധ്യമാർന്ന വേളകൾ അഭിനയിക്കേണ്ടിവരാറുണ്ട്. ഈ അവസരങ്ങളിൽ കഠിനാദ്ധ്വാനം ജീവിതശൈലിയായി സ്വീകരിച്ച് എല്ലാ കാര്യങ്ങളും ശരിയായി ആസൂത്രണം ചെയ്ത് നാം ഏറ്റെടുത്തിരിക്കുന്ന ഓരോ കർത്തവ്യവും ഭംഗിയായി ചെയ്തു തീർക്കുമ്പോൾ വിജയം നമ്മെ തേടി എത്തുന്നു, അങ്ങനെ ഔന്നത്യങ്ങൾ കയ്യടക്കുമ്പോൾ നമുക്ക് ലഭിക്കുന്ന അവസ്ഥയെയാണ് ഭാഗ്യം എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. ഈ അവസ്ഥയിൽ എത്തിച്ചേരണമെങ്കിൽ നമ്മുടെ കഴിവിന് അപ്പുറമായ കാര്യങ്ങളെ ഏറ്റെടുക്കാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കണം.

3. **പരാജയങ്ങളിൽ പതറരുത്:** നമ്മുടെ ജീവിതം എന്നത് വിചിത്രമായ വളവുകളും തിരിവുകളും നിറഞ്ഞ ഒരു യാത്രയാണ്. നീന്തൽ പഠിക്കണമെങ്കിൽ വെള്ളത്തിൽ ഇറങ്ങാതെ സാധ്യമല്ലല്ലോ. സൈക്കിൾ യാത്രയിൽ വൈദഗ്ധ്യം നേടിയ ഒരു വ്യക്തി എത്രപ്രാവശ്യം സൈക്കിളിൽ നിന്ന് വീണിട്ടുണ്ടാകും? അതിനാൽ ലക്ഷ്യസ്ഥാനത്തേക്ക് യാത്രചെയ്യുമ്പോൾ പ്രതിസന്ധികൾ ഉണ്ടായാൽ പതറാതെ അൽപ്പം വിശ്രമിക്കുക. മനസ്സ് ശാന്തമാകുമ്പോൾ പോംവഴി മനസ്സിൽ തെളിഞ്ഞുവരും. ജീവിതത്തിന്റെ പലഘട്ടങ്ങളിലും ഉണ്ടായ വിജയത്തിന്റെയും നേട്ടങ്ങളുടെയും വേളകളെപ്പറ്റി ചിന്തിച്ച് ഇപ്പോൾ സംഭവിച്ചിരിക്കുന്ന പരാജയത്തെ വിജയമാക്കുക. ചുരുക്കിപ്പറഞ്ഞാൽ ജീവിതയാത്രയിൽ പലപ്പോഴും റിസ്ക് എടുക്കേണ്ടിവന്നേക്കാം.

4. **ആരോഗ്യസംരക്ഷണത്തിന് 'ഹെൽത്തി കിച്ചൻ':** ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, ഹൃദയാഘാതം, വിവിധതരം കാൻസറുകൾ എന്നിവ ആധുനിക യുഗത്തിൽ യുവാക്കളെപ്പോലും ആക്രമിച്ച് കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഈ അവസ്ഥ ഒഴിവാക്കണമെങ്കിൽ ഫാസ്റ്റ്ഫുഡ്, ശീതളപാനീയങ്ങൾ, ബേക്കറി ഭക്ഷണം, ജങ്ക് ഫുഡ് എന്നിവ ഒഴിവാക്കി നമ്മുടെ സ്വന്തം അടുക്കളയിൽ പാകം ചെയ്യുന്ന ഭക്ഷണങ്ങളെ ശീലമാക്കേണ്ടതാണ്. വീട്ടമ്മമാർ പാചകകലയിൽ ക്രിയേറ്റീവ് ആകുക. പാചകഗ്രന്ഥങ്ങൾ ഇന്ന് മാർക്കറ്റിൽ സുലഭമാണ്. അവയുടെ സഹായത്തോടുകൂടി ഓരോ വിഭവവും പാകം ചെയ്യുമ്പോൾ പുതുമകൾ പരീക്ഷിക്കുക. ഗൃഹനാഥനും മക്കളും അവധി ദിനങ്ങളിലും പ്രവൃത്തിദിനങ്ങളിൽ സമയത്തിന്റെ ലഭ്യത അനുസരിച്ച് വീട്ടിലെ അടുക്കളയിൽ പാചകജോലികളിൽ പങ്കുചേരുക. ഈ രീതി പ്രായോഗികമാക്കിയാൽ ലഭിക്കുന്ന പ്രയോജനങ്ങൾ: 1. എല്ലാവരും ഒത്തുചേർന്ന് ജോലികൾ ചേരുമ്പോൾ ലഭിക്കുന്ന സഹകരണമനോഭാവം വളരെ വലുതാണ് 2. പാചക അറിവുകൾ അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യാം. 3. ഒരു ജോലിയും ലജ്ജാകരമല്ല എന്ന സത്യവും കുട്ടികൾ മനസ്സിലാക്കും, ഭാവിയിൽ അവർ ഉത്തമഗൃഹനാഥന്മാരും വീട്ടമ്മമാരും ആയിത്തീരും. അങ്ങനെ പാചകത്തിൽ വിദഗ്ധരായ കുടുംബാംഗങ്ങൾക്ക് തങ്ങൾ

പാകം ചെയ്യുന്ന വിഭവങ്ങളിൽ എന്തെങ്കിലും കൈപ്പിഴ സംഭവിച്ചാൽ - When a cook makes a mistake it is a new dish - എന്ന ആപ്തവാക്യം പോലെ ആ വിഭവത്തെ ആസ്വാദ്യകരമാക്കിത്തീർക്കാൻ അവർക്ക് കഴിയും. അങ്ങനെ ഹെൽത്തി കിച്ചൻ എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാം.

5. **വ്യായാമത്തിനായി കുറച്ചുസമയം മാറ്റിവെയ്ക്കുക:** ആധുനിക യുഗത്തിൽ ജീവിതശൈലീ രോഗങ്ങളുമായി ഡോക്ടർമാരെ സമീപിക്കുമ്പോൾ രോഗിക്ക് ലഭിക്കുന്ന പ്രധാന നിർദ്ദേശം 'ദിവസേന കുറച്ചുസമയം നടക്കുക' എന്നതാണ്. പ്രഭാതത്തിൽ ഉണർന്ന് സൂര്യോദയവും പക്ഷികളുടെ കളകൂജനവും ആസ്വദിച്ച് പ്രഭാതത്തിലെ തണുത്ത കാറ്റേറ്റ് ഇരുകൈകളും നന്നായി വീശി (എൻ.സി.സി. മോഡലിൽ) സാമാന്യം വേഗത്തിൽ നടക്കുമ്പോൾ അനുഭവമാകുന്ന സുഖം അനുഭവിച്ചറിയുക. വിദ്യാർത്ഥികളായ മക്കൾക്ക് വീട്ടിൽ നിന്ന് സ്കൂളിലേക്ക് വളരെ ദൂരം ഇല്ലെങ്കിൽ അവർ സൂര്യന്റെ വെയിൽ ഏറ്റ് രാവിലെയും വൈകുന്നേരവും നടക്കട്ടെ. വൈകുന്നേരം അര മണിക്കൂർ നേരമെങ്കിലും കളിക്കാനും അവരെ അനുവദിക്കുക.

രാവിലെ നടക്കാനിറങ്ങുന്നവർ തെരുവുനായ്ക്കൾ, ട്രാഫിക്ക് നിയമം ലംഘിച്ചു വരുന്ന വാഹനങ്ങൾ, മാലമോഷ്ടാക്കൾ എന്നിവയ്ക്കെതിരെ ജാഗ്രത പുലർത്തേണ്ടതാണ്.

**ക്രിയേറ്റിവിറ്റി കുറഞ്ഞാൽ എന്തു സംഭവിക്കും?**

ഇത്തരക്കാരുടെ ഇന്ദ്രിയങ്ങൾക്ക് അവയുടെ കഴിവുകുറയുന്നു, നമ്മുടെ ചുറ്റുപാടുകൾ നാം ശ്രദ്ധിക്കാതെ പോകുന്നു. ജീവിതത്തിലെ സുന്ദരമായ കാര്യങ്ങൾ (ഉദാ: മക്കൾ നേടുന്ന ഔന്നത്യങ്ങൾ പോലും) ശ്രദ്ധിക്കുകയോ ആസ്വദിക്കുകയോ ചെയ്യാൻ കഴിയാതെ പോകുന്നു. ഇന്ന് ചെയ്യേണ്ട കാര്യങ്ങൾ നാളേക്ക് മാറ്റിവെയ്ക്കുന്നു. വിദ്യാർത്ഥികൾ ഇപ്രകാരം ചെയ്യുമ്പോൾ പരീക്ഷാകാലങ്ങളിൽ 'മടിയൻ മല ചുമക്കും' എന്ന അവസ്ഥയിലെത്തുന്നു.

ചുരുക്കിപ്പറഞ്ഞാൽ **2016 എന്ന വർഷത്തിൽ അനുഗ്രഹീതവും രൂപാന്തരം പ്രാപിച്ചതുമായ ജീവിതമാണ് നമുക്കാവശ്യം. ഇന്ന് ജീവിക്കുക. നാളെ എന്ത് സംഭവിക്കും എന്നോർത്ത് വ്യാകുലപ്പെടാതിരിക്കുക.** നിഷേധാത്മക ചിന്തകളുടെ ഉരുൾപൊട്ടലുകളായ വിഷാദം, കോപം, ഉത്കണ്ഠ മുതലായവ നമ്മെ അലോസരപ്പെടുത്തുന്ന വൈകാരിക ഭാവങ്ങളുടെ പൂരപ്പറമ്പുകളായി നമ്മുടെ മനസ്സുകൾ മാറാതിരിക്കട്ടെ. സ്നേഹം, ദയ, സഹാനുഭൂതി, പ്രതിപക്ഷ ബഹുമാനം മുതലായ സർഗ്ഗാത്മക ചിന്തകൾ ഉയർത്തിപ്പിടിച്ച് നമുക്ക് നമ്മെ കാത്തിരിക്കുന്ന നല്ല നാളേകളെ ദൈവകൃപയിൽ ആശ്രയിച്ച് ശുഭപ്രതീക്ഷയോടെ വരവേൽക്കാം. 'The family that prays together stays together' എന്ന പോലെ പ്രാർത്ഥനാ ജീവിതം നമ്മുടെ കുടുംബങ്ങളുടെ മുഖമുദ്രയായിരിക്കട്ടെ.

ഓരോ നവവത്സര പ്രഭാതങ്ങളിലും നാം എടുക്കുന്ന തീരുമാനങ്ങളിൽ ഭൂരിഭാഗവും കാറ്റിൽപ്പറന്നു പോകുന്ന അപ്പൂപ്പൻ താടി പോലെ പറന്നുപോകാറില്ലേ? അവ എപ്പോൾ പറന്നുപോയി എന്ന് ചോദിച്ചാൽ അക്കാര്യവും നമുക്ക് നിശ്ചയമില്ല. അതിനാൽ പാലിക്കുന്നതിന് എളുപ്പവും ഉചിതവുമായ തീരുമാനങ്ങൾ മാത്രം എടുക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. ഏവർക്കും അനുഗ്രഹീതവും സന്തോഷകരവുമായ നവവത്സരാശംസകൾ!

# ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോടുപോലെയും കവിഞ്ഞൊഴുകാൻ അനുവദിക്കാം

സേം ഏനോക്ക്

റവ. സാമുവൽ മെറ്റീർ 23-ാം വയസ്സിൽ ലണ്ടനിൽ നിന്നും 1858 ഒക്ടോബർ 15 ന് കപ്പൽകയറി ബോംബെവഴി കൊച്ചിവരെ കപ്പൽ യാത്രയും കൊച്ചിയിൽ നിന്നും കനാലുകളും കായലുകളും ബോട്ടിലും യാത്ര ചെയ്യവെ "ന്യായവും നീതിയും ഒരു പരിധിയും ഇല്ലാതെ അനുഭവിക്കാൻ ജനങ്ങൾക്കാകണം" എന്ന ആമോസ് പ്രവാചകന്റെ പ്രവചന ശബ്ദവും കൊണ്ടാണ് മിഷൻ ഫീൽഡായ തിരുവിതാംകൂറിൽ 1859 ഫെബ്രുവരിയിലെത്തുന്നത്.

ഇവിടത്തെ നീതിന്യായ വ്യവസ്ഥകളെയും അത് സാധാരണ ആളുകൾ എങ്ങനെ അനുഭവിക്കുന്നു എന്നുള്ളതിനേക്കുറിച്ചും മെറ്റീറിന്റെ വാക്കുകൾ കേൾക്കാം.

*നാടിന്റെ സമാധാനാന്തരീക്ഷത്തിനും സുരക്ഷിതത്വത്തിനും സമ്പൽസമൃദ്ധിക്കും എത്രതന്നെ അത്യന്താപേക്ഷിതമാണെങ്കിലും, നീതിന്യായ കോടതികൾ, സർക്കാർ ആഫീസുകൾ, മേളകൾ, ചന്തകൾ തുടങ്ങിയ ഇടങ്ങളിൽ *താഴ്ന്ന ജാതിക്കാരുടെ പ്രവേശനം ഇനിയും സഫലീകരിക്കപ്പെടേണ്ടതായിട്ടാണിരിക്കുന്നത്.*

*ജീവിതത്തിന്റെ സകലമേഖലകളിലും ഏതൊരു സംഭവത്തോടും പ്രവർത്തനത്തോടും അന്ധവിശ്വാസങ്ങളുടെ കൂട്ടിക്കുഴയ്ക്കലും ഇടപെടലും മൂലവും, രാജ്യത്തെ* ***വിഗ്രഹ****ങ്ങൾക്ക് അടിയറവ് വച്ചിട്ടുള്ളതിനാലും, മിക്ക പൊതുസ്ഥാപനങ്ങളും ക്ഷേത്ര പരിസരത്തായതുകൊണ്ടും, അവയിലേയ്ക്ക് താഴ്ന്നജാതിക്കാരുടെ പ്രവേശനം അനുവദിക്കുന്നില്ല. പരാതികളായും സാക്ഷികളായും എത്തുന്ന താഴ്ന്ന ജാതിക്കാരുടെ സാമീപ്യം അശുദ്ധപ്പെടുത്തുമെന്നതിനാൽ ഉദ്യോഗസ്ഥരെ സമീപിക്കാനും അവർക്ക് കഴിയുന്നില്ല. തിരുവിതാംകൂറിലെ സർക്കാരുദ്യോഗസ്ഥരെല്ലാം തന്നെ മേൽജാതികളിൽപെട്ടവരാണ്. സാക്ഷിക്ക് കോടതിയിൽ പ്രവേശിക്കാനാവാത്തതിനാൽ, കോടതി സാക്ഷിക്കടുത്തേയ്ക്ക് പോയേ തീരൂ. എന്നാൽ കോടതി അവന്റെ വളരെ അടുത്ത് പോയിക്കൂടാ. മൊഴിയെടുക്കാൻ നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ ഇടനിലക്കാരനായ പ്യൂണിനോട് ചോദ്യങ്ങൾ വിളിച്ച് പറയുന്നു. അതേ ചോദ്യം ആ പ്യൂൺ അകലെ നിൽക്കുന്ന സാക്ഷിയോട് ഉറക്കെ ആവർത്തിക്കുന്നു. സാക്ഷിയുടെ ഉത്തരങ്ങൾ ചോദ്യം ചോദിച്ച രീതിയിൽത്തന്നെ പ്യൂൺ ഉദ്യോഗസ്ഥന് നേരെ വിളിച്ച് പറയുന്നു. ഇവർക്കിടയിലെ ദൂരം കാരണം വ്യക്തമായി കേൾക്കാവുന്നതോ മനസ്സിലാക്കാവുന്നതോ ആയ തരത്തിലുള്ളവയാകാറില്ല ഈ മൊഴികൾ.*

*കച്ചേരികളിൽ വിദ്യാർത്ഥികളനുഭവിക്കുന്ന കഷ്ടപ്പാടുകളെക്കുറിച്ച് വാർത്താപത്രികകളിലൊന്നിൽ ഒരു ലേഖനമുണ്ടായിരുന്നു. അതിൽ ലേഖകൻ പറയുന്നു: "സംസ്ക്കാരവും വിദ്യാഭ്യാസവും സ്വാഭാവികമായും രാജ്യത്തിലെ ഭരണാധികാരികളെ വിവേകമുള്ളവരാക്കിത്തീർക്കേണ്ടതാണ്. എന്നാൽ, ഖേദകരമെന്നു പറയട്ടെ, കാലമോ വിദ്യാഭ്യാസമോ തഹസിൽദാർ കച്ചേരികളിലെ*

*പഴയ ആചാരങ്ങളിൽ എന്തെങ്കിലും മാറ്റമുണ്ടാക്കിയിട്ടുള്ളതായി കാണാനാവുന്നില്ല. ഒരു കേസിലെ കക്ഷികൾ താഴ്ന്ന ജാതിക്കാരാണെങ്കിൽ അവരെ ഉദ്യോഗസ്ഥരിൽ നിന്നും അനേകം ചവിട്ടടികൾക്കകലെ നിറുത്തുന്നു. സാക്ഷി വിസ്താരം തുടങ്ങിയ എല്ലാ കാര്യങ്ങളും യഥാവിധിയുള്ള അകലത്തിൽ നിന്നുകൊണ്ടാണ് നടത്തുന്നത്. ഇത്തരത്തിലുള്ള ഒരു കേസ് വിസ്താരം കണ്ടു നിൽക്കുന്ന ആരെയും അതിശയിപ്പിക്കും. കച്ചേരിയിലെ ഗുമസ്തൻ ഓരോ ചോദ്യവും തൊണ്ടതുറന്ന് വിളിച്ച് കൂവുന്നു. സാക്ഷി-പ്രതിയായാലും - അതേ ഉച്ചത്തിൽ ഉത്തരം വിളിച്ചലറണം. ഈ നടപടിക്രമം കോടതിയിലുള്ളവർക്ക് മാത്രമല്ല, കോടതിക്ക് പുറത്തും അകലെയും നിൽക്കുന്നവർക്കും കേൾക്കാനാവില്ല. അങ്ങുമിങ്ങും നിന്നുകൊണ്ട് ഒരു കൂട്ടമാളുകൾ കലശലായ ശണ്ഠയിലേർപ്പെട്ടിരിക്കന്ന പ്രതീതിയാണിത് ജനിപ്പിക്കുന്നത്.*

*പരാതികളും അപേക്ഷകളും സമർപ്പിക്കാനാഗ്രഹിക്കുന്ന താഴ്ന്ന ജാതിക്കാരെ കോടതികളിൽ നിന്നും അങ്ങനെ അകറ്റി നിറുത്തുന്നു. മാത്രമല്ല, ദിവസങ്ങളോളം പൊള്ളുന്ന വെയിലിൽ നിൽക്കാൻ അവരെ നിർബന്ധിതരാക്കുന്നു. അബദ്ധവശാൽ ഉദ്യോഗസ്ഥർ ശ്രദ്ധിക്കുകയോ, അവരുടെ പരാതി സ്വീകരിക്കാൻ സൻമനസ്സ് കാണിക്കുയോ ചെയ്യുവോളം, ശിരസ്സ് മറയ്ക്കാൻ അനുവാദമില്ലാത്ത അവർ പൊരിവെയിലത്തും കനത്ത മഴയത്തും അകലെ, പുറത്ത് നിന്നേ മതിയാവൂ. പ്രാദേശിക കോടതികളിൽ ഈ കിരാതമായ രീതി ഇല്ലായ്മ ചെയ്തുകൊണ്ട് നിരവധി വർഷങ്ങൾക്കുമുമ്പ് ബ്രിട്ടീഷ് റസിഡന്റ് കൊണ്ടുവന്ന പരിഷ്ക്കരണ നടപടികൾക്ക് കടകവിരുദ്ധമാണിത്.*

*താഴ്ന്ന ജാതിക്കാർ ആരാണെന്ന് ശ്രീലക്ഷ്മീഭായി മഹാറാണി തിരുമനസ്സുകളുടെ 989-മാണ്ട് കർക്കിടകം 1 ലെ രാജവിളംബരത്തിൽ കൂടെ ശ്രവിക്കാം. "ഈഴവര ചാന്നാർ വണ്ണാര കാവതി മുക്കുര പറയര പുലയര ..."

ഇവരിൽ ഒന്നായവരായ നമ്മുടെ മുമ്പിൽ കൂടെ കടന്നുപോകുന്നതോ കടത്തിവിടുന്നതോ ആയ അന്യായങ്ങളും അനീതികളും കണ്ടില്ലെന്നോ കേട്ടില്ലെന്നോ എന്ന് നടിക്കുന്നത് വേദവിപരീതവും മിഷനറിവര്യന്മാരോട് കാണിക്കുന്ന നന്ദികേടും സമൂഹത്തോടു കാണിക്കുന്ന ക്രൂരതയുമാണ്.

മീഖാ പ്രവാചകൻ പറയുന്നതുപോലെ ന്യായം പ്രവർത്തിച്ച് ദയാതല്പരരായിരുന്ന് നമ്മുടെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടന്ന്. ന്യായം വെള്ളംപോലെയും നീതി വറ്റാത്ത തോടുപോലെയും കവിഞ്ഞൊഴുകാൻ 2016 നെ പ്രയോജനപ്പെടുത്താം.

## ദേവാലയ പ്രതിഷ്ഠ

സേലം മിഷൻ കേന്ദ്രത്തിൽ നമ്മുടെ സഭാംഗമായ ശ്രീ. ഇസ്രായേൽ ഗിൽബർട്ട് തന്റെ അമ്മയുടെ സ്മരണാർത്ഥം നൽകിയ സംഭാവനകൊണ്ട് പണികഴിപ്പിച്ച ശ്രീമതി. രത്നമ്മ ഇസ്രായേൽ മെമ്മോറിയൽ സി.എസ്.ഐ ചർച്ച് കൽറായൻ മലയിലെ കരുമൻതുറയിൽ നവംബർ എട്ടാം തീയതി അഭിവന്ദ്യ ബിഷപ്പ് റൈറ്റ്. റവ. എ. ധർമ്മരാജ് റസാലം പ്രതിഷ്ഠിച്ചു. റവ. സുനിൻ സ്പെൻസർ, സഭാ സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ ഒരു സംഘം സഭാംഗങ്ങൾ ഈ ശുശ്രൂഷയിൽ പങ്കെടുത്തു. കൽറായൻ, വെള്ളിമല, നടുപ്പെട്ടി, കോയിൽപുത്തൂർ, നോച്ചിമേട് എന്നിവിടങ്ങളിൽ സ്ഥാപിതമായിരിക്കുന്ന ഉപസഭകളിൽ നിന്ന് ഏകദേശം 500 ഓളം വിശ്വാസികൾ പങ്കെടുത്തു. ■

# എം.എം. ചർച്ച് സഭാജനങ്ങളുടെ അടിയന്തിര ശ്രദ്ധയ്ക്ക്

കർത്താവിൽ പ്രിയ സഭാജനങ്ങളേ,

തിരുവനന്തപുരം നഗരത്തിലെ ആദ്യത്തെ ക്രൈസ്തവസഭയായ നാം 1906–ൽ എൽ.എം.എസ് കോമ്പൗണ്ടിൽ പള്ളിപണി പൂർത്തിയാ ക്കുന്നതിന് മുമ്പേതന്നെ, നമ്മുടെ പൂർവ്വപിതാക്കളുടെ അന്ത്യ വിശ്രമത്തിനായി മിഷൻ കോമ്പൗണ്ടിന്റെ പടിഞ്ഞാറെവശം നമ്മുടെ സഭയ്ക്കായി എൽ.എം.എസ്. മിഷണറിമാർ വേർതിരിച്ച് നല്കിയിരുന്നു. എൽ.എം.എസ്. കാലഘട്ടത്തിൽ മിഷണറിമാർ അടങ്ങുന്ന Travancore District Council നായിരുന്നു വസ്തുവകകളുടെ വിനിമയാധികാരം. സഭയുടെ ആവശ്യങ്ങൾക്ക് അനുസൃതമായി സെമിത്തേരിയോടുചേർന്ന് sexton quarters (approach road ഉൾപ്പെടെ) പണിയുന്നതിനും മിഷണറിമാർ സ്ഥലം വേർതിരിച്ച് തന്നിട്ടുണ്ട്.

അതേ രീതിയിൽ, 1920 കളിൽ മിഷൻ കോമ്പൗണ്ടിന്റെ കിഴക്കേ വശത്ത് പള്ളിവീട് (parsonage) പണിയുന്നതിനും സ്ഥലം വേർതിരിച്ച് നല്കുകയും നാം പാഴ്സണേജ് പണിയുകയും ചെയ്തു. മറ്റ് പള്ളികൾക്ക് ഉള്ളതുപോലെ തന്നെ, നമ്മുടെ സഭയ്ക്കും സെമിത്തേരി, പാഴ്സണേജ്, പള്ളിഹാൾ എന്നിവ സ്വന്തമായി ഉള്ളതും അതിൽ സഭയുടെ കൈവശത്തിലും ഉപയോഗത്തിലും ഇന്നേവരെ തർക്കമില്ലാത്തതുമാണ്.

മിഷൻ കോമ്പൗണ്ടിൽ ഉള്ള ഏത് കെട്ടിടത്തെക്കാളും നമ്മുടെ സെമി ത്തേരിക്ക് പഴക്കമുണ്ട്. നമ്മുടെ സഭ എൽ.എം.എസ്. കോമ്പൗണ്ടിൽ 1906–ൽ മാറ്റി സ്ഥാപിക്കുന്നതിനു മുമ്പുള്ള കല്ലറകളും അവിടെയുണ്ട്. മിഷൻ ബംഗ്ലാവും വിൽസ് ഹോസ്റ്റലുമല്ലാതെ നമ്മുടെ പള്ളിയോളം പഴക്കമുള്ള ഒരു സ്ഥാപനവും എൽ.എം.എസ്. കോമ്പൗണ്ടിലില്ല. മറ്റ് മഹായിടവക സ്ഥാപന ങ്ങൾ എല്ലാം തന്നെ താരതമ്യേന സമീപ കാലഘട്ടത്ത് ഉണ്ടായവയാണ്. പ്രാരം ഭകാലം മുതൽ നമുക്ക് മിഷണറിമാർ വേർതിരിച്ചു തന്ന സ്ഥലത്തിന് ആവ ശ്യാനുസരണം കൂടുതൽ വേർതിരിച്ചു നല്കാനും എൽ.എം.എസ്. മിഷണറി മാർ സൗമനസ്യം കാണിച്ചിട്ടുണ്ട്. സെമിത്തേരിക്കും അനുബന്ധമായുള്ള sexton's quarters നും നാം ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചു വരുന്നുണ്ട്. എൽ.എം.എസ്. മിഷണറിമാർ നടത്തിയ ചരിത്രപരമായ കൈമാറ്റങ്ങൾ 1947 –ലെ സി.എസ്.ഐ. രൂപീകരണത്തിൽ ഇല്ലാതാകുന്നില്ല.

എന്നാൽ, 18.12.15ന് (വെള്ളിയാഴ്ച) sexton's quarters ഉൾപ്പെടുന്ന ഭാഗത്തിന്റെ പുറകുവശത്ത് നമ്മുടെ കോമ്പൗണ്ട് വാൾ ഭാഗികമായി മണ്ണിട്ടു മൂടിയതായി കാണപ്പെട്ടു. നമ്മുടെ അതിര് തിരിച്ചറിയുന്നതിനായി, നമ്മുടെ presbyters ഉൾപ്പെട്ട സഭാകമ്മിറ്റി ചേർന്ന് നിലവിലുള്ള അതിര് കയറുകെട്ടി വ്യക്തമായി അടയാളപ്പെടുത്തുകയുണ്ടായി.

21.12.15 (തിങ്കളാഴ്ച) വൈകുന്നേരം 4 മണിക്ക് Properties Board മാനേ ജർ Adv. S.P. Sreejith, SKD-PRO.Bd/Sho. 45/2015 നമ്പർ കത്ത് വഴി, സഭാ

കമ്മിറ്റിയ്ക്ക് എതിരെ നടപടി എടുക്കാതിരിക്കാൻ കാരണം കാണിക്കൽ മെമ്മോ നല്കിയിരിക്കുന്നു. (അതിന്റെ കോപ്പി ബഹുമാനപ്പെട്ട സഭാജനങ്ങളുടെ അറിവിലേക്ക് ഇതോടൊപ്പം വയ്ക്കുന്നു). പ്രസ്തുത മെമ്മോയിലെ പല കാര്യങ്ങളും വസ്തുതാവിരുദ്ധവും ഭരണഘടനാവിരുദ്ധവും ആയതിനാൽ, ഉടനടി സഭാകമ്മിറ്റിയുടെ അടിയന്തിരയോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി.

1. നമ്മുടെ സഭയുടെ നിലനിൽപ്പും വസ്തുവകകളുടെ കൈവശാവകാശവും അപകടപ്പെടുത്തുന്ന രീതിയിൽ മഹായിടവകയിൽനിന്നും നിരന്തരമായി നടപടി വന്നുകൊണ്ടിരിക്കുന്നു. സഭയുടെ sexton quarters അപഹരിച്ച് മറ്റ് ആവശ്യങ്ങൾ നടത്തിക്കാനുള്ള ഗൂഢനീക്കമുണ്ടെന്ന് വ്യക്തമാകുന്നു.
2. നമ്മുടെ സെമിത്തേരിയുടെ പടിഞ്ഞാറുവശത്ത് പ്രാരംഭകാലം മുതൽ നിലവിലുണ്ടായിരുന്ന മതിൽ തൊട്ടപ്പുറത്ത് ബിവറേജസ് കോർപ്പറേഷന്റെ താല്പര്യാനുസരണം നമ്മുടെ കല്ലറകൾക്ക് കോട്ടം സംഭവിക്കുന്ന വിധത്തിൽ പൊളിച്ച് കെട്ടുന്നതിന് ഇതേ Properties Board ഒത്താശ ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ, 4 അടി വീതിയിൽ നാം പണിതിരുന്ന ബലമുള്ള മതിൽ നമ്മുടെ പൂർവ്വപിതാക്കളുടെ കല്ലറകളുടെ സുരക്ഷിതത്വത്തിനായി നിർബന്ധമായും നിലനിർത്തേണ്ടതാണെന്ന് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളെയും മഹായിടവക അധികാരികളെയും 2013 മുതൽ സഭാകമ്മിറ്റി രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്.
3. Parsonage & Missionary Complex-ൽ ലീസിന് നല്കിയ സ്ഥാപനത്തിന്റെ വാടക കുടിശ്ശികയുമായി ബന്ധപ്പെട്ട വസ്തുതകൾ സഭയ്ക്ക് അറിവുള്ളതാണല്ലോ. കോടതിയിൽ കേസ് വരികയും, മധ്യസ്ഥതയിലൂടെ പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായി വീണ്ടും പഴയ വ്യക്തിക്ക് നല്കിയപ്പോൾ സഭയുടെ താല്പര്യങ്ങൾ മറികടന്നു മഹായിടവക ഏകപക്ഷീയമായി തീരുമാനം എടുക്കുകയാണുണ്ടായത്.

പ്രതിവർഷം ഏകദേശം രൂ. 25,00,000/- (ഇരുപത്തിയഞ്ച് ലക്ഷം രൂപ) ലെവിയിനത്തിൽ മഹായിടവകയ്ക്ക് നമ്മുടെ സഭ നല്കിവരുന്നു. ഇതിനു പുറമെ, vault നിർമ്മാണത്തിനായി 2014-ലെ ഫാൻസി സെയിലിലൂടെ നാം സ്വരൂപിച്ച തുകയും 20% ലെവി നല്കി, ബാക്കി തുക vault നിർമ്മാണത്തിനായി മാറ്റിവച്ച് മഹായിടവകയുടെ അനുവാദത്തിനായി ഒരു വർഷമായി കാത്തിരിക്കുകയാണ്.

കഴിഞ്ഞ 3 വർഷമായി, സെമിത്തേരിയുടെ വികസനവുമായി ബന്ധപ്പെട്ട് സഭാകമ്മിറ്റി മഹായിടവകയിൽ നിരന്തരമായി അപേക്ഷകൾ നല്കിയിരുന്നു. സഭാ ഭാരവാഹികൾ മഹായിടവക ഭാരവാഹികളെ നിരന്തരം ബന്ധപ്പെട്ടുവന്നതിനു പുറമെ, സഭാകമ്മിറ്റി ഒന്നടങ്കം അഭിവന്ദ്യ ബിഷപ്പ് തിരുമേനി, മഹായിടവക ട്രഷറർ, സെക്രട്ടറി, വൈസ് ചെയർമാൻ എന്നിവരെ നേരിട്ട് കണ്ട് ചർച്ച നടത്തിയിട്ടുണ്ട്. ഏറ്റവും അവസാനം നവമ്പർ 16 ന് സഭാകമ്മിറ്റി മുൻപറഞ്ഞ എല്ലാവരുമായി ചർച്ച നടത്തി. അന്ന് vault, sexton's quarters എന്നിവയുടെ നിർമ്മാണത്തിന് എത്രയുംവേഗം അനുകൂല നടപടി സ്വീകരിക്കാമെന്ന് ബിഷപ്പ് തിരുമേനി യോഗമദ്ധ്യേ ഉറപ്പ് നല്കിയിരുന്നു. എന്നാൽ നാളിതുവരെ, പ്രൊപ്പോസൽ അംഗീകരിച്ചുകൊണ്ടോ തിരസ്കരിച്ചുകൊണ്ടോ മഹായിടവകയിൽനിന്നും രേഖാമൂലമോ വാക്കാലോ അറിയിപ്പ് നല്കിയിട്ടില്ല.

പതിറ്റാണ്ടുകളായി, മിഷണറി കാലഘട്ടം മുതൽ എം.എം. ചർച്ചിലെ ജനങ്ങളുടെ ആവശ്യത്തിനുവേണ്ടി മാത്രമായി വേർതിരിച്ചു തന്നിട്ടുള്ള പള്ളിസെമിത്തേരി, കപ്യാർ ക്വാർട്ടേഴ്സ് സ്ഥിതിചെയ്യുന്ന കോമ്പൗണ്ട്, പ്രാരംഭ കാലത്തെ പാഴ്സണേജിനെ നാം പുതുക്കിപണിത ഇപ്പോഴുള്ള പാഴ്സണേജ് കോംപ്ലക്സും പരിസരവും മുതലായവ അന്യാധീനപ്പെടുത്താൻ ശ്രമം നടക്കുമ്പോൾ അതിനെ സധൈര്യം ചെറുക്കാനും നമ്മുടെ സ്ഥാപനങ്ങളെ നിലനിറുത്തുവാനും സഭാകമ്മിറ്റിയോടൊപ്പം സഭാജനങ്ങൾ ഒറ്റക്കെട്ടായി അണിനിരക്കേണ്ട സമയമാണിത്.

177 വർഷമായി നിലനില്ക്കുന്ന ആരാധനാ സമൂഹത്തെയും 110 വർഷമായുള്ള പള്ളിയെയും ദുർബലപ്പെടുത്താനും sexton's quarters നിർമ്മാണം, ശവസംസ്കാരം തുടങ്ങിയ സഭയുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിൽ പ്രതിബന്ധം സൃഷ്ടിക്കാനുള്ള ശ്രമമാണ് നടക്കുന്നത്.

ഈ സാഹചര്യത്തിൽ, സഭയുടെ നിലനിൽപ്പിനും, എം.എം. ചർച്ചിലൂടെ ലഭിച്ചുവരുന്ന ശുശ്രൂഷകൾ സുഗമമായി തുടരുന്നതിനും, നാം ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഈ അടിയന്തിര ആവശ്യത്തിന് സഭയുടെ ജനറൽ ബോഡി (തിരുസഭായോഗം) വിളിക്കേണ്ടിവരുന്ന പക്ഷം ഓരോ തിരുസഭാംഗവും ഉറപ്പായും പങ്കെടുത്ത് നമ്മുടെയും നമ്മുടെ ഭാവി തലമുറയുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നിലനിറുത്തുന്നതിനും ഒന്നിച്ച് നില്ക്കാൻ വിനീതമായി ദൈവനാമത്തിൽ അഭ്യർത്ഥിക്കുന്നു.

**പ്രാർത്ഥിക്കൂ! ഉണരൂ! പ്രവർത്തിക്കൂ !**

തിരുവനന്തപുരം (ഒപ്പ്)

22 12 2015 സഭാകമ്മിറ്റി അംഗങ്ങൾ

& മഹായടവക കൗൺസിൽ പ്രതിനിധികൾ

1. Dr. Christenson E. Sarasam (Church Secretary)
2. Adv.Sarjine Thomas (Accountant)
3. Dr. J. Arthur Jacob
4. Dr. S. G. Churchin Ben
5. Mrs. Charlet Bai Robert Singh
6. Mr. Christudas Y.
7. Dr. John Sajit Edwin
8. Mr. Jayakumar Alfred T.
9. Er. Joshi Das Y. S.
10. Mrs. Pushpa Madan
11. Dr. Satheesh S
12. Mr. R. Sajan Samson
13. Er. Sam Moses
14. Er. Ajith Sen G.S Diocesan Council Members
15. Er. Zaem Enock ”

CHURCH OF SOUTH INDIA
SOUTH KERALA DIOCESE (S.I.U.C.)

# PROPERTIES BOARD

Phone No : 2315490, Ext - 201

Rt. Rev. A. DHARMARAJ RASALAM
B.A., B.D., M.Th
*Bishop*
L.M.S. Compound,
Thiruvananthapuram - 33
Phone : 2318662

Rev. N. JOHN EVANS
*Secretary*
C.S.I.Mukkola,
Kallayam.P.O.
Mob : 9446753080

Adv. S. P. SREEJITH
Attorney & Manager
L.M.S. Compound,
Thiruvananthapuram - 33
Mob : 9446383020

22/12/2015
4 PM.

No.SKD-PRO.Bd/Sho.45/2015 21.12.2015

## മെമ്മോ

To,

ചർച്ച് കമ്മറ്റി
എം.എം. ചർച്ച്
തിരുവനന്തപുരം ഡിസ്ട്രിക്റ്റ്

സ്നേഹമുള്ള അച്ചൻ/കമ്മറ്റി അംഗങ്ങൾ,

ദക്ഷിണ കേരള മഹായിടവകയുടെയും, CSITA യുടെയും പേരിലുള്ള വസ്തുക്കളിൽ ഏത് രീതിയിലുള്ള നിർമ്മാണപ്രവർത്തനവും നടത്തുന്നതിന് മുന്നോടിയായി മഹായിടവക പ്രോപ്പർട്ടിസ് ബോർഡിന്റെ അനുമതി വാങ്ങണമെന്ന് ചട്ടമുള്ളത് അറിവുള്ളതാകുന്നുവല്ലോ.

എന്നാൽ പ്രോപ്പർട്ടിസ് ബോർഡിന്റെ അനുമതി ഇല്ലാതെ എം.എം.ചർച്ചിന്റെ ഉപയോഗത്തിനായി മഹായിടവക നല്കിയിട്ടുള്ള CSITA വസ്തുവിൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ ഭാഗമായി കയർ കെട്ടി തിരിച്ചതായി അഭിവന്ദ്യ ബിഷപ്പിന് പരാതി ലഭിച്ചിട്ടുള്ളതും ആയതിനെക്കുറിച്ച് അന്വേഷിച്ച് ശരിയാണെങ്കിൽ സ്റ്റോപ്പ് മെമ്മോ നൽകാൻ നിർദ്ദേശിച്ചിട്ടുള്ളതുമാകുന്നു.

മുമ്പ് സഭ, കപ്യാർ കോട്ടേഴ്സ് പണിയുന്നതിന് നല്കിയ അപേക്ഷയിന്മേൽ പ്രോപ്പർട്ടി ബോർഡ് തീരുമാനം എടുക്കാത്ത സാഹചര്യത്തിൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ സഭാ കമ്മറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ചതാണെന്ന് അന്വേഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതാകുന്നു.

മുമ്പ് കപ്യാർ കോട്ടേഴ്സ് പണിയുന്നതിനുള്ള അപേക്ഷ ക്രമപ്രകാരമല്ല നല്കിയത് എന്ന കാരണത്താലും, മഹായിടവക കത്തീഡ്രൽ പള്ളി പണിയാനുദ്ദേശിക്കുന്ന ഭാഗത്താണ് കപ്യാർ കോട്ടേഴ്സ് പണിയാൻ ഉദ്ദേശിക്കുന്നതെന്നും മനസ്സിലാക്കി മഹായിടവക ഭാരവാഹികളുടെ അറിവോടെ അപേക്ഷ മുമ്പ് തന്നെ നിരസസിച്ചിടടുള്ളതാകുന്നു. ആയതിന് ശേഷം നാളിതുവരെ ടി അപേക്ഷയെ സംബന്ധിച്ച് സഭാഭാരവാഹികളാരും ഈ ഓഫീസുമായി ബന്ധപ്പെട്ടിട്ടില്ലാത്തതുമാണ്.

ടി. സാഹചര്യത്തിൽകെട്ടിട നിർമ്മാണ ഉദ്ദേശ്യത്തോടെ കയർ കെട്ടി തിരിച്ച് വാനം വെട്ടുന്നതിനുള്ള പ്രാരംഭ നടപടികൾ ചെയ്തത് ശരിയായ നടപടിയല്ല.

ആയതിനാൽ പ്രോപ്പർട്ടീസ് ബോർഡിന്റെ രേഖാമൂലമുള്ള അനുമതി ഇല്ലാതെ എം.എം.ചർച്ചിന്റെ ഉപയോഗത്തിലിരിക്കുന്ന ഒരു വസ്തുവിലും യാതൊരു നിർമ്മാണപ്രവർത്തനവും ആരംഭിക്കരുതെന്ന് അറിയിക്കുന്നതോടൊപ്പം ഇപ്പോൾ ആരംഭിച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനം പൂർണ്ണമായും നിർത്തിവെയ്ക്കണമെന്ന് അറിയിക്കുന്നു.

ദക്ഷിണ കേരള മഹായിടവക ആസ്ഥാനവും ബിഷപ്പ്സ് ഹൗസും ഉൾപ്പെടുന്ന എൽ.എം.എസ്.കോമ്പൗണ്ടിൽ എം.എം.ചർച്ച് സ്ഥിതിചെയ്യുന്ന കോമ്പൗണ്ട് ഒഴികെ ബാക്കി എല്ലാ വസ്തുവകകളുടെയും നേരിട്ടുള്ള നിയന്ത്രണം ഇനി മുതൽ മഹായിടവക ട്രഷറർക്കും പ്രോപ്പട്ടീസ് ബോർഡ് മാനേജർക്കും ആയിരിക്കുമെന്നും ഇതിനാൽ അറിയിക്കുന്നു.

ദക്ഷിണ കേരള മഹായിടവക ആസ്ഥാന കാമ്പസിൽ ഉള്ള എം.എം. ചർച്ച് ഈ വിധം പ്രവർത്തിച്ചത് തികച്ചും തെറ്റാണ്. ആയതിനാൽ ടി പ്രവർത്തനങ്ങൾ ചെയ്തതിന് ഏതെങ്കിലും കാരണം ഉണ്ടെങ്കിൽ 7 ദിവസത്തിനുള്ളിൽ എഴുതി ബോധിപ്പിക്കണമെന്ന് അറിയിക്കുന്നു. അല്ലാത്ത പക്ഷം സഭാകമ്മറ്റിക്കെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട സമിതിയോട് ശുപാർശച്ചെയ്യുന്നതാണെന്ന് അറിയിക്കുന്നു.

21/12/15

അഡ്വ. എസ്.പി. ശ്രീജിത്ത്
അറ്റോർണി, CSITA
മാനേജർ, പ്രോപ്പർട്ടി ബോർഡ്

PROPERTIES BOARD SOUTH KERALA DIOCESE ★ TVM-33

Adv. S.P. SREEJITH
Attorney & Manager
Properties Board, S.K.D.
L.M.S. Compound
Palayam, Tvpm-695 033

# ഗുഡ് ബൈ സെൽഫ് ഡിസെപ്ഷൻ

**ബെഞ്ചമിൻ മോസസ്**

നമ്മുടെ സത്യാവസ്ഥയെ സ്വയം മറച്ചു വച്ചു മറ്റൊന്ന് പ്രകടിപ്പിക്കുന്നതാണ് സെൽഫ് ഡിസെപ്ഷൻ, അതായത് ആത്മവഞ്ചന. മറ്റൊരു വിധത്തിൽ സ്വന്തം മനഃസ്സാക്ഷിയ്ക്കു വിരോധമായി താൻ ശരിയാണെന്നു അഭിനയിക്കുകയും അതിന്റെ അനന്തരഫലം ഗണ്യമാക്കാതിരിക്കുകയോ, അവഗണിക്കുകയോ ചെയ്യുന്നതാണ് സ്വയവഞ്ചന. നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെ തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നു എങ്കിൽ ദൈവത്തെ അസത്യവാദിയാക്കുന്നു; അവന്റെ വചനം നമ്മിൽ ഇല്ലാതെയായി (1യോഹ.1:8,10). സങ്കീർത്തനക്കാരൻ ദൈവത്തോട് പറയുന്നു: ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിനു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു (119:11). മനുഷ്യനിൽ ആശ്രയിച്ചു ജഡത്തെ തന്റെ ഭുജമാക്കി ഹൃദയം കൊണ്ട് യഹോവയെ വിട്ടുമാറുന്ന മനുഷ്യൻ ശപിക്കപ്പെട്ടവൻ എന്നു യഹോവയായ ദൈവം അരുളിചെയ്യുന്നു (യിരെ 17:5). ഹൃദയത്തിന്റെ മറ്റൊരു പേരാണ് മനഃസ്സാക്ഷി. മനഃസ്സാക്ഷിയിൽ ഉണ്ടാകുന്ന കുറ്റബോധത്തെയും പാപബോധത്തെയും അവഗണിച്ച് നാം ഭക്തനാണെന്നു നടിക്കുകയും ആ നിലയിൽ തുടരുകയും ചെയ്യുമ്പോൾ, മറ്റുള്ളവർ നമ്മെ ആത്മീകർ എന്നു പുകഴ്ത്തുമ്പോൾ നമുക്ക് അയ്യോ കഷ്ടം. ലോകം അഭിനയത്തിനു കിരീടം നൽകുമ്പോൾ ദൈവം വിശുദ്ധിക്കും നിഷ്കളങ്കതയ്ക്കും കിരീടം നൽകും. യേശുപറഞ്ഞു: സകല മനുഷ്യരും നിങ്ങളെ പുകഴ്ത്തി പറയുമ്പോൾ നിങ്ങൾക്കു അയ്യോ കഷ്ടം; അവരുടെ പിതാക്കന്മാർ കള്ളപ്രവാചകന്മാരെയും അങ്ങനെ ചെയ്തുവല്ലോ (ലൂക്കോ. 6:26). മനസ്സുകളെയും ഹൃദയങ്ങളെയും പരിശോധിക്കുന്നവനായ യേശു, സ്വന്ത ജനമായ യിസ്രായേല്യരെ നോക്കി പ്രവാചകനായ യെശയ്യാവ് പറഞ്ഞത് വിളിച്ചു പറഞ്ഞു: ഈ ജനം അധരംകൊണ്ട് എന്നെ ബഹുമാനിക്കുന്നു എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടു അകന്നിരിക്കുന്നു. മാനുഷകൽപനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു എന്നിങ്ങനെ പ്രവചിച്ചതു ഒത്തിരിക്കുന്നു (മത്താ. 15:8,9).

ഇക്കാലത്തിലെ ആത്മീയതയിലെ ആത്മവഞ്ചന എന്താണ്? തിരുവെഴുത്തുകളെ അവഗണിച്ച്, സ്വയം ഒരു വിശ്വാസപ്രമാണം ഉണ്ടാക്കി, ഇതാണ് നമ്മുടെ വിശ്വാസം എന്നു പറഞ്ഞും പഠിപ്പിച്ചും, സ്വയം വഞ്ചിക്കപ്പെട്ടും, മറ്റുള്ളവരെ വഞ്ചിച്ചും കൊണ്ട് ദൈവസ്നേഹമില്ലാതെ ജീവിക്കുന്നു. മരണാനന്തര ജീവിതത്തെക്കുറിച്ച് യേശു പറഞ്ഞ സംഭവത്തിലെ ധനവാൻ വിശ്വസിച്ചത് അവൻ അബ്രഹാമിന്റെ വംശപാരമ്പര്യത്തിൽപെട്ടവനായതുകൊണ്ട് പറുദീസയിൽ പൊയ്ക്കൊള്ളും എന്നാണ്. മാനസാന്തരത്തിന്റെ ഗൗരവം അവൻ സ്ഥലവും സമയവും തെറ്റി മനസ്സിലാക്കി. എന്തു ഗുണം? എനിക്കു ദൈവത്തെ അറിയാം എന്നു ചിന്തിക്കുകയും ദൈവത്തെക്കുറിച്ച് മറ്റുള്ളവരോട് പറയുകയും ദൈവീക സ്വഭാവം നമ്മുടെ ജീവിതത്തിൽ നിന്നു പുറപ്പെടുകയും ചെയ്യുന്നില്ല എങ്കിൽ ചുട്ടുകളക അത്രേ അതിന്റെ അവസാനം (എബ്രാ. 6:4-8).

ശലോമോൻ ജ്ഞാനി ഇപ്രകാരം പറയുന്നു: തന്റെ ലംഘനങ്ങളെ മറെക്കുന്നവനു ശുഭം വരികയില്ല: അവയെ ഏറ്റുപറഞ്ഞു ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും. എപ്പോഴും ഭയത്തോടെ (ദൈവഭയത്തോടെ) ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; ഹൃദയത്തെ (മനസ്സാക്ഷിയെ) കഠിനമാക്കുന്നവനോ അനർത്ഥത്തിൽ അകപ്പെടും (സദൃ. 28:13,14). നമ്മിൽ ആരും പാപത്തിന്റെ ചതിയാൽ ഹൃദയം കഠിനപ്പെടാതിരിപ്പാൻ ശ്രദ്ധിക്കേണ്ടതാണ്. ഓരോ ഞായറാഴ്ചയും അധരംകൊണ്ട് പാപം ഏറ്റുപറകയും അവയെ ഉപേക്ഷിക്കാതിരിക്കുകയും ചെയ്താൽ നാം നമ്മെതന്നെ വഞ്ചിക്കുന്നു. ദൈവത്തിന്റെ വചനങ്ങളോട് ഒന്നും തന്നെ കൂട്ടുവാനോ കുറയ്ക്കുവാനോ നമുക്ക് അധികാരം തന്നിട്ടില്ല. അങ്ങനെ ചെയ്താൽ ദൈവം നമ്മെ വിസ്തരിക്കുന്ന നാളിൽ നാം കള്ളന്മാരെന്നു തെളിയുകയും പിശാചിനും അവന്റെ ദൂതന്മാർക്കും വേണ്ടി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു തള്ളപ്പെടുകയും ചെയ്യും.

ദാവീദ് പറയുന്നു: ഞാൻ എന്റെ പാപം നിന്നോട് അറിയിച്ചു; എന്റെ അകൃത്യം മറെച്ചതുമില്ല. ദാവീദ് ചെയ്ത പാപം ആരും കണ്ടില്ലെന്നും അറിഞ്ഞിട്ടില്ലെന്നും ആദ്യം അവൻ വിശ്വസിച്ചു. എന്നാൽ നാഥാൻ പ്രവാചകൻ അവന്റെ അടുക്കൽ വന്ന് അതു ബോദ്ധ്യപ്പെടുത്തിയപ്പോൾ അവൻ തന്റെ പാപം ദൈവത്തോട് നിലവിളിച്ച് സമ്മതിച്ചു. നിർമ്മലമായ ഹൃദയം (മനസ്സാക്ഷി) എന്നിൽ സൃഷ്ടിക്കണമേ എന്നു പ്രാർത്ഥിച്ചു. ദൈവം അതു അവനു നൽകി.

ദൈവവചനപ്രകാരം നമ്മുടെ ഹൃദയങ്ങളെ നമുക്ക് പരിശോധിക്കാം. നമ്മുടെ ഹൃദയം നിർമ്മലമാണോ? യേശുക്രിസ്തു വരുമ്പോൾ നാം അവനെ താൻ ഇരിക്കും പോലെ തന്നെ കാണുന്നതുകൊണ്ട് അവനോട് സദൃശന്മാരായിത്തീരും എന്നതാണ് നമ്മുടെ പ്രത്യാശ. എന്നാൽ ഈ പ്രത്യാശയെ ഗൗരവമായി കണക്കിലെടുത്തവർ എല്ലാം യേശുക്രിസ്തു നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമ്മലീകരിക്കുന്നു എന്നു തിരുവചനം പറയുന്നു (1 യോഹ. 3:1–3).

ഹൃദയത്തിലെ മലിനതകളെക്കുറിച്ച് യേശു പറഞ്ഞത് ശ്രദ്ധിക്കാം. അകത്തു നിന്നു, മനുഷ്യരുടെ ഹൃദയത്തിൽ നിന്നുതന്നെ, ദുശ്ചിന്ത, വ്യഭിചാരം, (ചിന്തകൊണ്ട്), പരസംഗം (വ്യഭിചാരം എന്ന പ്രവൃത്തി), കുലപാതകം (വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും), മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതിവ് (വഞ്ചന), ദുഷ്കർമ്മം, വിടക്കുകണ്ണ് (അസൂയ), ദൂഷണം, അഹങ്കാരം, മൂഢത (വിവേകശൂന്യത) എന്നിവ പുറപ്പെടുന്നു. ഈ ദോഷങ്ങൾ എല്ലാം ഹൃദയത്തിൽ നിന്നും (മനസ്സാക്ഷിയിൽ) പുറപ്പെട്ട് മനുഷ്യനെ അശുദ്ധനാക്കുന്നു (മർക്കൊസ് 7:21–23).

ഈ ദുർമനസ്സാക്ഷിയെ എങ്ങനെ ശുദ്ധീകരിക്കുവാൻ കഴിയും? അതിനായിട്ടാണ് യേശു ഒരിക്കലായി ഗദ്ശമന മുതൽ ഗോൽഗോഥാവരെ കഷ്ടപ്പെട്ട്, ക്രൂശിൽ തറെക്കപ്പെട്ട്, മരിച്ച്, അടക്കപ്പെട്ട്, മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റത് (1 പത്രോസ് 3:18). നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നമ്മുടെ മനസ്സാക്ഷിയെ ജഡത്തിന്റെ പ്രവർത്തികളെ (ഗലാ. 5:19) പോക്കി നന്നായി കഴുകി ശുദ്ധീകരിക്കും (എബ്രാ. 9:14). ഈ ശുദ്ധീകരണം പ്രാപിക്കാതെ ആരും ദൈവത്തെ കാണുകയില്ല അതുകൊണ്ടാണ് യേശുപറഞ്ഞത് ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും.

സ്വയവഞ്ചനയെക്കുറിച്ച് പരിശുദ്ധാത്മാവ് നൽകുന്ന ചില മുന്നറിയിപ്പുകൾ:

നീ സഹോദരന്റെ കണ്ണിലെ കരടുനോക്കുകയും സ്വന്തം കണ്ണിലെ കോൽ വിചാരിക്കാതിരിക്കുകയും ചെയ്യുന്നത് എന്ത്? (ലൂക്കോ.6:41).

വഞ്ചനപ്പെടാതിരിക്കുവിൻ; ദൈവത്തെ പരിഹസിച്ചുകൂടാ; മനുഷ്യൻ വിതെയ്ക്കുന്നതു തന്നെ കൊയ്യും (ഗലാ.6:7).

വചനം കേൾക്കമാത്രം ചെയ്തുകൊണ്ട് തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിക്കുവിൻ (യാക്കോ. 1:22). നാം കേൾക്കുന്നതും അറിയുന്നതുമായ ദൈവവചനം അനുസരിക്കുന്നില്ലെങ്കിൽ നമ്മെതന്നെ വഞ്ചിക്കുന്നു.

താൻ അൽപനായിരിക്കെ മഹാൻ ആകുന്നു എന്ന് ഒരുത്തൻ നിരൂപിച്ചാൽ തന്നെത്താൻ വഞ്ചിക്കുന്നു. ഓരോരുത്തൻ താന്താന്റെ പ്രവൃത്തി ശോധന ചെയ്യട്ടെ (ഗലാ. 6:3).

അന്യായം ചെയ്യുന്നവൻ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് അറിയുന്നില്ലയോ? നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ (1 കൊരി. 6:9).

സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യാതെ ശുശ്രൂഷകളിലെ വിജയം കണ്ടു സ്വയം വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കൂട്ടരെ തന്റെ സന്നിധിയിൽ നിന്നും പുറത്താക്കുന്നത് മത്തായി ഏഴാം അദ്ധ്യായത്തിൽ നാം വായിക്കുന്നു.

ജീവനെ തന്ന ഇടയനെ അറിഞ്ഞിട്ടും അവനെ അനുഗമിക്കാതെ, ഞങ്ങൾ കാണാതെപോയ ആടുകളെപ്പോലെ അങ്ങയുടെ വഴികളിൽ നിന്നു തെറ്റിചിന്നിയിരിക്കുന്നതും, പാപത്തിന്റെ ശമ്പളം മരണമാണെന്നറിഞ്ഞിട്ടും പാപം ചെയ്തുകൊണ്ടിരിക്കുന്നതും നാം നമ്മെത്തന്നെ വഞ്ചിക്കുന്നതല്ലേ? മരണം നിശ്ചയവും സമയം നിശ്ചയവുമില്ലാതിരിക്കേ നാം എത്രത്തോളം നമ്മെത്തന്നെ വഞ്ചിക്കും? (യിരെ. 5:30,31, റോമ. 2:4-8)

ഭൗതീകമായി ധനവും സമ്പത്തും ഒന്നിനും പ്രയാസമില്ലാത്തതുമായ സഭയായിരുന്നു ലവോദിക്യസഭ. എന്നാൽ അവർ ആത്മീകമായ അധഃപതനം സമ്മതിക്കാതെ, വലിയ കുഴപ്പമില്ല എന്ന ആത്മസംതൃപ്തിയാൽ വഞ്ചിക്കപ്പെട്ടിരുന്നു. സഭയുടെ കാര്യപരിപാടികളും കൂദാശകളും ഉത്സവങ്ങളും മുടങ്ങാതെ നന്നായി നടന്നുകൊണ്ടിരുന്നു. എന്നാൽ സഭയുടെ നാഥനും കർത്താവുമായവൻ പറയുന്നു: ആത്മീകമായി നീ നിർഭാഗ്യനും, അരിഷ്ടനും, ദരിദ്രനും, കുരുടനും, നഗ്നനുമാണ്. വിശ്വാസം ഉണ്ടാകേണ്ടതിനും വിശ്വാസത്തിൽ വളരുവാനും നിലനിൽക്കുവാനുള്ള ക്രിസ്തുവിന്റെ വചനത്തിൽ നീ സമ്പന്നനല്ല. നമ്മുടെ ആത്മീയത വിശുദ്ധ ജീവിതം കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. ലൗകീകർ നാം നഗ്നർ എന്നു പറഞ്ഞാലും നമുക്കു നാണക്കേടില്ല. നിത്യതയെക്കുറിച്ചും ദൈവരാജ്യത്തെക്കുറിച്ചുമുള്ള ദർശനം നമുക്ക് ഇല്ല എന്നു കർത്താവ് പറയുന്നു, ദരിദ്രരല്ല, ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ എന്നാണ് യേശുപറഞ്ഞത്. നമ്മെത്തന്നെ വഞ്ചിക്കാതെ ഈ പുതിയ വർഷത്തിന്റെ ആരംഭം മുതൽക്കേ സ്വയവഞ്ചനക്ക് ഗുഡ് ബൈ പറയാം. വക്രതയും കോട്ടവുമുള്ള ഈ തലമുറയുടെ നടുവിൽ ആത്മാവിൽ കപടം ഇല്ലാതെ, അനിന്ദ്യരും, ഹൃദയപരമാർത്ഥികളും നിഷ്കളങ്കരുമായി ജീവിക്കുവാൻ നമുക്കു തീരുമാനിക്കാം. യേശുക്രിസ്തുവിന്റെ രണ്ടാം ആഗമനത്തിൽ ആത്മീയത അഭിനയിക്കുന്നവർ ചേർക്കപ്പെടുകയില്ല. ആയതിനാൽ ഭക്തിയുടെ വേഷമായ സ്വയവഞ്ചന ഉപേക്ഷിച്ച് ദൈവശക്തിയാൽ നമുക്ക് രൂപാന്തരപ്പെടാം.

# Bible Quiz

**Ajith Sen**

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the **Book of Joshua (NIV), chapters 9 to 16.** Kindly, read these chapters before attempting the quiz. These eight chapters give an account of the wars Israelites fought under the leadership of Joshua and the dividing of the Promised Land between the tribes.

Please substantiate your answers by stating references (verse) from the Bible. The questions are prepared from the New International Version (NIV) of the English Bible, kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions posted in the Church Office Notice Board. Submit your answers written in English or Malayalam before January 14th at the CSI MM Church Office or email us at cvquiz@mateermemorialchurch.com

---

1. Who is the father of Acsah?
2. Which city did Joshua burn?
3. What were the Canaanites living amidst the people of Ephraim required to do?
4. How many kings did Joshua and Israelites defeat on the west side of Jordan?
5. Which tribe inherited Gilead?
6. Who was the king of Jerusalem?
7. To which tribe did Joshua not give any inheritance?
8. Which celestial body stood still over the Valley of Aijalon because a man commanded it to?
9. Who were cursed to be woodcutters for the house of God?
10. How old was Caleb when he was send from Kadesh Barnea by Moses to explore the land?

---

The correct answers to the quiz from Joshua 1 to 8

1. Once 6:14
2. Uncut stones, on which no iron tool had been used 8:30,31
3. Book of the law 1:8
4. Rahab 2:4, 6:17,25
5. At Giglal 4:20
6. About thirty six 7:5
7. About a thousand yards 3:4
8. Joshua 5:15
9. Sea of the Arabah (the Salt Sea) 3:16
10. Zimri 7:1

---

**List of people who had submitted the right answers** (along with the reference)

1. Helen Saramma E. H.
2. Shireen Evangeline Ross
3. Meehal Godwin
4. Mahil Ajith
5. Soben S. L.
6. Preetha John
7. Lilly Prasad
8. Jolly Irene G.
9. Nirmala Lal Jayakumar
10. Vimala Vijayan
11. Vathsala Lal
12. Premila Janelet Sylam
13. Reuben S. L.
14. Lalitha Jacob
15. N. S. Nesakumari Davidson
16. V. Grace Ammal



# വിലപ്പെട്ട അവസരം



ഒരിക്കൽ ഒരു സഭയിലെ പട്ടക്കാരൻ തന്റെ 65-ാം വയസ്സിൽ നീണ്ട 38 വർഷത്തെ സേവനത്തിന് ശേഷം വിരമിക്കുന്നതിന് രണ്ടാഴ്ചകൾക്ക് മുമ്പ് തന്റെ ശുശ്രൂഷയെക്കുറിച്ച് സ്വയം ഒരവലോകനം നടത്തി. ഒരു വൈദികൻ എന്ന നിലയിൽ താൻ നിറവേറ്റിയ ശുശ്രൂഷകളിൽ അദ്ദേഹത്തിന് അഭിമാനം തോന്നിയെങ്കിലും, മറ്റുള്ളവർക്ക് നന്മ ചെയ്യുവാൻ ലഭിച്ച വിലയേറിയ പല അവസരങ്ങളും നഷ്ടപ്പെടുത്തിയതോർത്ത് അദ്ദേഹത്തിന് കുറ്റബോധം ഉണ്ടായി.

സഭയിലെ ആരാധനകളിൽ പങ്കെടുക്കാതെ ദൈവത്തിൽ നിന്ന് അകന്നു കഴിഞ്ഞിരുന്ന ഒട്ടേറെപ്പേരെ സഭയിലേക്ക് അടുപ്പിക്കുവാൻ ലഭിച്ച സന്ദർഭങ്ങൾ പാഴാക്കിയതിലും, ഭിന്നതയിൽ കഴിഞ്ഞിരുന്ന കുടുംബാംഗങ്ങളെ രമ്യതപ്പെടുത്താൻ ശ്രമിക്കാത്തതിലും, പകയും വിദ്വേഷവും നിരാശയും ദു:ഖവും ഉള്ളിൽക്കൊണ്ടു നടന്നവരോട് ദൈവസ്നേഹം പങ്കുവെച്ച് അവരിൽ സമാധാനം പകരുന്നതിന് ലഭിച്ച സന്ദർഭങ്ങൾ പാഴാക്കിയതോർത്തും ഈ വൈദികന്റെ ഹൃദയം വേദനിച്ചു.

അദ്ദേഹം ബിഷപ്പിന് ഒരു കത്തയച്ചു. തനിക്ക് ലഭിച്ച ഒട്ടേറെ നല്ല അവസരങ്ങൾ പാഴാക്കിയതിൽ വളരെ വേദനയുണ്ടെന്നും, അതിനുപകരമായി തന്റെ സർവ്വീസ് ഒരു വർഷം കൂടി നീട്ടിക്കിട്ടിയാൽ ഒട്ടേറെ നന്മ സഭയ്ക്കുവേണ്ടിയും സമൂഹത്തിനുവേണ്ടിയും താൻ ചെയ്യുമെന്നും കത്തിൽ രേഖപ്പെടുത്തിയിരുന്നു.

ഒരാഴ്ചയ്ക്കുള്ളിൽ ബിഷപ്പിന്റെ മറുപടി വൈദികന് ലഭിച്ചു. അതിൽ 40 വർഷത്തെ സേവനത്തിന് നന്ദി പറയുകയും സർവ്വീസ് നീട്ടിക്കൊടുക്കാൻ കഴിയില്ലെന്നും, പിരിയേണ്ട ദിവസം തന്നെ സർവ്വീസിൽ നിന്നും പിരിയണമെന്നും നിർദ്ദേശിച്ചിരുന്നു. ബിഷപ്പിന്റെ നിർദ്ദേശം വൈദികൻ അനുസരിച്ചു.

സമയം ദൈവത്തിന്റെ ദാനമാണ്. നാം കാര്യവിചാരകർ മാത്രം. അതുകൊണ്ട് സമയം ദുർവിനിയോഗം ചെയ്യരുത്. 'സമയം വാങ്ങിക്കാൻ കിട്ടില്ല, കൊടുക്കാൻ പറ്റില്ല, ഇരട്ടിക്കാൻ പറ്റില്ല, കൂട്ടിവെയ്ക്കാൻ പറ്റില്ല, ഉണ്ടാക്കാനും പറ്റില്ല. അതു ചെലവഴിക്കാൻ മാത്രമേ സാധിക്കുകയുള്ളൂ' - മെറിൻ ഡഗ്ലസിന്റെ ഈ വാക്കുകൾ സമയം അർത്ഥവത്തായി ചെലവഴിക്കാനുള്ള ശക്തമായ പ്രേരണയാണ്. **സമയം പ്രയോജനപ്രദമായി ഉപയോഗിക്കുന്നവർക്കാണ് ജീവിതവിജയം. സമയം എങ്ങനെ ഉപയോഗിച്ചു എന്നല്ല, സമയം എന്തിനുവേണ്ടി ഉപയോഗിച്ചു എന്നതാണ് പ്രധാനം.**

സമയത്തെപ്പറ്റിയുള്ള അവബോധം മനുഷ്യമഹത്വമാണ്. **എന്താണ് ഈ സമയം എന്ന് ചോദിച്ചാൽ നമുക്കറിയില്ല. പക്ഷേ, അത് എല്ലാമാണ്.** 'നിങ്ങൾ ജീവിതത്തെ സ്നേഹിക്കുന്നു എങ്കിൽ സമയം നഷ്ടപ്പെടുത്തരുത്. കാരണം

ജീവിതം സമയം കൊണ്ട് ഉണ്ടാക്കപ്പെട്ടതാണ്' – ബെഞ്ചമിൻ ഫ്രാങ്ക്ളിൻ. 'ഞാൻ സമയം നഷ്ടപ്പെടുത്തി. ഇപ്പോൾ സമയം എന്നെ നഷ്ടപ്പെടുത്തുന്നു' എന്ന ഷേക്സ്പിയറിന്റെ വാക്കുകളും ശ്രദ്ധേയമാണ്.

2016 എന്ന പുതുവർഷം നമ്മുടെ ജീവിതത്തിലെ ഏറ്റവും വിലപ്പെട്ട സമയമാണ്. ഭൂതകാലത്തിലും ഭാവികാലത്തിലുമല്ല നാം ജീവിക്കേണ്ടത്. വർത്തമാനകാലത്തിലാണ്. ദൈവം തരുന്ന ഓരോ നിമിഷത്തിലുമാണ്. ഈ പുതുവർഷത്തിൽ നാം കടന്നുപോകേണ്ട ഓരോ നിമിഷവും നമ്മുടെ ജീവിതത്തിൽ ഒരിക്കൽ മാത്രം ലഭിക്കുന്ന വിലപ്പെട്ട അവസരങ്ങളാണെന്ന തിരിച്ചറിവ് നമ്മെ ഭരിക്കട്ടെ. **പുതിയ വർഷത്തിലേക്ക് ദൈവം നമ്മെ കൊണ്ടുവന്നത് നമ്മുടെ ജീവിതത്തെക്കുറിച്ച് ദൈവത്തിന് ഇനിയും എന്തോ പദ്ധതിയുള്ളതു കൊണ്ടാണ്. അതിനാൽ സന്തോഷിക്ക.** 'God needs only one person to finish a task, let that person be you!'

ഈ പുതുവർഷത്തിൽ സമയക്രമീകരണത്തിലൂടെയും ഫലപ്രദമായ വിനിയോഗത്തിലൂടെയും നമുക്ക് കാര്യക്ഷമമായി പ്രവർത്തിക്കാം. ഏവർക്കും ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട സമാധാനവും, ശാന്തിയും, സമൃദ്ധിയും നിറഞ്ഞ ഒരു പുതുവർഷം ആശംസിക്കുന്നു!

'Time is slow when you wait!
Time is fast when you are late!
Time is deadly when you are sad!
Time is short when you are happy!
Time is endless when you are in pain!
Time is long when you feel bored!
Every time, time is determined by your
feelings and your psychological conditions
and not by clocks. So have a nice time always.'

**ആർ. സാജൻ സാംസൺ**
എഡിറ്റർ

sajansamson@hotmail.com
Ph: 9447153170



# Circle Prayer - January 2016

| Date | F No | Name | Address | Area Deacon |
|---|---|---|---|---|
| 05/01/16 | 1938 | Mr.Aji Vinod Roy C T | Rose Villa, NBRA 50, TC 11/1910(3), Nethaji Bose Road, YMR | Dr.Satheesh S |
| 08/01/16 | 1341 | Mr.John Victor T | Pearlham, TC 4/215, KRA D19, Parambikonam, Kowdiar | Dr.John Sajit Edwin |
| 08/01/16 | 960 | Mr.Vijayan T | Vijay, TC 16/701(2), JRA 208, Mudipura Lane, Jagathy | Er.Joshi Das Y S |
| 08/01/16 | 1946 | Mr.Jerry Alwin | Shalom, KNRA 17, Kadapathala Nagar, Kowdiar | Mr.Christudas Y |
| 12/01/16 | 1323 | Mr.Jothi Sathianess A | 5C, Emarald Apartments, Nandavanam | Mrs.Pushpa Madan |
| 12/01/16 | 1359 | Dr.Preetham Kumar Francis | Shalom, TC 2/3033, PLRA 51, Panachamoodu Lane, Pattom | Dr.Arthur Jacob |
| 12/01/16 | 1831 | Dr.Christopher J | Beracha House, TC 11/1143, NCRA 33, Nanthencode | Dr.Satheesh S |
| 15/01/16 | 1368 | Mr.Dharmaraj N | H No-5, Devaswam Lane, Kesavadasapuram | Er.Sam Moses M |
| 15/01/16 | 1743 | Col.Anselm D D | Divyam, KERA D/5, Priyadarshini Road, Pallimukku, Peyad | Dr.Churchin Ben S G |
| 15/01/16 | 1936 | Mrs.Geetha Kumari J | 1C, Emerald Apartments, Nandavanam | Mrs.Pushpa Madan |
| 19/01/16 | 1207 | Mrs.Sophia | TC 11/1403, 105 Bains Compound, Nanthencode | Mrs.Charlet Bai Robertsingh |
| 19/01/16 | 1405 | Er.Jayakumar J | Anandam, TC 11/871-1, MRA 37, Manchadivila | Dr.Satheesh S |
| 19/01/16 | 1688 | Mr.Prasanth S S | Serene, HsNo-515B, Aramkallu Road, Pallimukku, Kallayam | Dr.John Sajit Edwin |
| 22/01/16 | 1993 | Mr.Arun Mathew M P | TC 20/1468-1, Kunjalumood, Karamana | Er.Joshi Das Y S |
| 22/01/16 | 1120 | Mr.Jayan L | HsNo-B36, Kanaka Nagar, Kowdiar | Mr.Christudas Y |
| 22/01/16 | 2017 | Mr.Joshua Jeyaseelan | Krupa, OHRA A8, Wellington Avenue, Palayam | Mrs.Pushpa Madan |
| 26/01/16 | 2093 | Mr.Saji T S | Mani Bhavan, TC 2/1705-10, GRA 653, Goureshapattom | Dr.Arthur Jacob |
| 26/01/16 | 1590 | Er.Rajendra Kumar | Santhi, TC 15/1540, HNo 26, MP Appan Nagar, Vazhuthacaud | Er.Joshi Das Y S |
| 29/01/16 | 1790 | Mr.Shaji P | Sharon, TC 28/2750, KRA D 18, Kunnampuram | Mr.Sajan Samson |
| 29/01/16 | 1789 | Mr.Chendur Pandian M | Pasumpon, TC 6/102-1, PNRA P29A, Priyadarshini Nagar | Adv.Sarjine Thomas |
| 29/01/16 | 1599 | Mr.Samuel Shaji Kumar J | Shaji Cottage, GNR 1, TC 5/604, Opp Police Station, Peroorkada | Dr.John Sajit Edwin |

## നിത്യതയിൽ മൂന്നു വയസ്സ്

**13-01-2016**



**കെ. സരസമ്മ**

(റിട്ട. സീനിയർ അക്കൗണ്ടന്റ്, എജീസ് ഓഫീസ്)

പ്രത്യാശയോടു ജീവിച്ച്, പ്രത്യാശയോട് കടന്നുപോയ
ഞങ്ങളുടെ സ്നേഹനിധിക്ക് മറക്കാനാവാത്ത
ഓർമ്മകളോടുകൂടിയ സ്നേഹാദരങ്ങൾ സമർപ്പിക്കുന്നു

ജ. സൈറസും കുടുംബാംഗങ്ങളും

